ISSN:2583-2484

# ശാംഭവി

ത്രൈമാസിക

SHAAMBHAVI | Book 12 | July - September 2023 | Edition 3



# പത്രാധിപക്കുറിപ്പ്

ചന്ദ്രയാൻ ചന്ദ്രനെ സ്പർശിച്ചു. ഭാരതം ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തെ സ്പർശിയ്ക്കുന്ന ഒന്നാമത്തെ രാജ്യമായി. നമുക്ക് അഭിമാനിയ്ക്കാം. അതിനു പുറകിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ. ചന്ദ്രനെ ചിലർ മനഃ കാരകനായി കരുതുന്നു. അതിന്റെ ശീതളിമയും പ്രാകാശവും ചരാചരങ്ങൾക്കെല്ലാം ആനന്ദവും ഉന്മേഷവും പ്രചോദനവും നൽകുന്നു. അപ്പോൾ അങ്ങ് ദൂരെയുള്ള ആ ഉപഗ്രഹം നമ്മളിൽ സ്വാധീനം ചെലുത്തുന്നു എന്നത് ശരിയാണല്ലോ. ചന്ദ്രൻ ചെറുതായി വന്ന് തീരെ കാണാതെയാകുന്ന പ്രതിഭാസവും നമുക്ക് അനുഭവപ്പെടുന്നുണ്ടല്ലോ. അത് നമ്മുടെ ആനന്ദത്തിനും ഉന്മേഷത്തിനും പ്രചോദനത്തിനും കുറവ് വരുത്തുന്നുമുണ്ട്. അങ്ങനെ ചന്ദ്രൻ നമ്മുടെ മനസ്സിന്റെ വളർച്ചയ്ക്കും തളർച്ചയ്ക്കും ഒരു പരിധി വരെ കാരണമായി ഭവിയ്ക്കുന്നുണ്ടല്ലോ. ചന്ദ്രസ്വധീനത്തിന് അധീനമായ ഈ മനസ്സിലാണ് എല്ലാ പ്രവർത്തിയും രൂപപ്പെടുന്നത്. മനോഭാവമാണ് പ്രവർത്തിയെ തീരുമാനിയ്ക്കുന്നത്. ഭക്തൻ കല്ലിനെയല്ല തൊഴുന്നത്. നിരീശ്വരവാദിയ്ക്ക് അത് വെറും കല്ലാണ്. അതുകൊണ്ട് മനസ്സ് ചെയ്യുന്നതാണ് ശരിയ്ക്കുമുള്ള ചെയ്തി. ശരീരം ചെയ്യുന്നതല്ല. ഈ ഒരു സംഗതി വസിഷ്ഠനിൽ നിന്ന് മനസ്സിലായപ്പോഴാണ് ശ്രീരാമചന്ദ്രന് ഒരു രാത്രി കഴിഞ്ഞപ്പോൾ തന്റെ കയ്യിലുള്ള വില്ലിനെ യോഗദണ്ഡാക്കാൻ സാധിച്ചത്. ” മനഃകൃതം കൃതം രാമ, ന ശരീരകൃതം കൃതം" ഈ ഒരു കർമ്മസിദ്ധാന്തം മനുഷ്യന്റെ എല്ലാ ബാഹ്യവിജയങ്ങളുടെ അവസരത്തിലും നാം ഓർക്കേണ്ടതുണ്ട്.

ശാംഭവി
ത്രൈമാസിക
സൌജന്യ വിതരണത്തിന്

പുസ്തകം 12 ലക്കം 03 ജൂലൈ – സെപ്തംബർ 2023

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ – 680 712

shripuramtrust@yahoo.co.in.
www.shripuram.org

## എഡിറ്റോറിയൽ ബോർഡ്

പ്രിന്റർ & പബ്ലിഷർ
**കെ.പി. ശ്രീധരൻ നമ്പൂതിരി**

എഡിറ്റർ
**ഡി. പ്രകാശ്**

എക്സിക്യൂട്ടീവ് എഡിറ്റർ
**ഡോ. അജിതൻ പി.ഐ.**

ഡെപ്യൂട്ടി എഡിറ്റർ
**ഡോ. ദാമോദർ നാരായണൻ സി.എൻ.**

അസിസ്റ്റന്റ് എഡിറ്റർ
**ഡോ. മുരളികൃഷ്ണൻ എം.വി.**

സബ് എഡിറ്റർ
**അനൂപ് കൃഷ്ണൻ എസ്.യു.**

പുറംചട്ട രൂപകല്പന
**ഉണ്ണി കൊണ്ടമറുക്**

അക്ഷരവിന്യാസം, രൂപകല്പന
**ശ്രീപുരം ട്രസ്റ്റ്**

മുദ്രണം
**മമ ഓഫ് സെറ്റ് പ്രിന്റ്**
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. ശിവപൂജാസ്തവഃ
2

2 സംസ്കൃതപഠനം (54)
6

3. തന്ത്രോച്ചയം
8

4. പരമാർത്ഥസാരം (22)
15

5. സ്തുതികുസുമാഞ്ജലി (14)
20

6. കുട്ടികളുടെ
വാല്മീകിരാമായണം (35)
25

7. താന്ത്രികവൈഷ്ണവദർശനം
27

8. ഔഷധസസ്യങ്ങൾ (41)
മാവ്
28

9. സ്തോത്രോപാസന
29

# ശിവപൂജാസ്തവഃ

സമ്പാദക : അപർണ്ണാദേവി എ.

ജ്ഞാനശിവപ്രണീതഃ

(കഴിഞ്ഞ ലക്കം തുടർച്ച)

**യഥാവദാത്മാശ്രയവസ്തുമന്ത്രസ്വായ**
**ത്തലിങ്ഗാദിഷു ശോധിതേഷു**
**സിദ്ധാന്തമാർഗസ്ഥിതസാധകാനാം**
**ത്വത്പൂജനം നാത്ര വിലോമതോസ്തു 13**

**സാരം-** ആത്മാശ്രയവസ്തുക്കളായ മന്ത്രം ലിംഗാദികൾ എന്നിവയുടെ ശോധനയ്ക്ക് ശേഷം സിദ്ധാന്തമാർഗ്ഗത്തിൽ നിൽക്കുന്ന സാധകന്മാർക്ക് ശിവന്റെ പൂജ പ്രതികൂലമല്ല.

**ധാരികാഭിവശക്തിബീജമനന്തപങ്കജകുഡ്മലം**
**പുണ്യബോധവിരാഗഭൃതിപദം വിലോമചതുഷ്ടയം**
**ഗാത്രകം ഛദനദ്വയം കമലം സകേസരകർണികം**
**ശക്തിമണ്ഡലസംഘയുക്തമഹം നമാമി ശിവാസനം 14**

**സാരം-** ശക്തിബീജം അനന്തപങ്കജകുഡ്മലം പുണ്യബോധവിരാഗഭൃതിപദം ഗാത്രകം ഛദനദ്വയം കമലം കേസരകർണികം ശക്തിമണ്ഡലസംഘം എന്നിപ്രകാരമുള്ള ശിവാസനത്തെ ഞാൻ വന്ദിക്കുന്നു.

**പൃഥ്വീകന്ദം കാലതത്ത്വാന്തനാളം**
**ലോകൌഘം തത്കന്ദകം ഭാവസൂത്രം**
**ഗ്രന്ഥിഗ്രന്ഥിം ശുദ്ധവിദ്യാസരോജം**
**വിദ്യേശാനാരൂഢപത്രാഷ്ടകം ച 15**
**വാമാദിശക്തിഗതകേസരകർണികാഢ്യ-**
**മാർകാദിബിംബസഹിതം വരയോഗപീഠം**
**തത്ര സ്ഥിതം ഹൃദയതന്ത്രഗതാത്മമന്ത്ര-**
**മൂർത്തിം ച ബീജഗതമീശമഹം നമാമി 16**

**സാരം-** പൃഥ്വീകന്ദവും കാലതത്ത്വാന്തത്തിന്റെ നാളവും ലോകൌഘവും

തത്കന്ദകവും ഭാവസൂത്രവും ഗ്രന്ഥിഗ്രന്ഥിയും, ശുദ്ധവിദ്യാസരോജവും വിദ്യേശാനാത്യുദ്ധപത്രാഷ്ടകവും , വാമാദിശക്തിഗതകേസരകർണികാഢ്യവും വരയോഗപീഠവും, ബീജഗതവും ഹൃദയതന്ത്രഗതാത്മമന്ത്രമൂർത്തിയായ, ശിവനെ ഞാൻ വന്ദിക്കുന്നു.

**തദ്കന്ദം ശതയോജനമിതം നാളം പരാർധാന്തഗം**
**ഗ്രന്ഥിഃ കോടിപരാർധപശ്ചിമസഹസ്രാബ്ജം ച തല്ലക്ഷകം**
**മൂർതിസ്തസ്യ ച കോടിരീശ്വരമയീ തസ്യാർബുദസ്യാർബുദാ-**
**മ്ഭോജം മന്ത്രമയം സദാശിവവപുസ്തദ്വാനമേയഃ ശിവഃ 17**

**സാരം-** വളരെ വലുപ്പമുള്ളവയിൽ വച്ച് വലുപ്പമുള്ളതും ഏറ്റവും ചെറുതായവയില് വച്ച് ഏറ്റവും ചെറുതും മന്ത്രമയമായതും സദാശിവശരീരമായതുമായ അളക്കാൻ പറ്റാത്തതായ ശിവനെ വന്ദിക്കുന്നു.

**യസ്യാമൌഷധഭ്രൂഷണധ്വനിമയീ മൂർതിഃ പരാ ബൈന്ദവീ**
**ധ്യേയാ ശങ്കരമന്ത്രതന്ത്രനിരതൈർജ്ഞാനക്രിയാങ്ഗീ ശിവാ**
**സർവൈശ്വര്യസുഖപ്രദാ നിരുപമാ സദാശിവാ നിർമലാ**
**നാദാഖ്യായ സദാശിവായ മഹതേ ശാന്തായ തേ നമഃ 18**

**സാരം-** യാതൊന്നിലാണോ സർവൈശ്വര്യസുഖപ്രദയും നിരുപമയും സദാശിവയും നിർമലയും ജ്ഞാനക്രിയാങ്ഗിയും ശിവയും ഔഷധഭ്രൂഷണധ്വനിമയിയും പരയും ബൈന്ദവി എന്ന മൂർത്തിയെ ശങ്കരമന്ത്രതന്ത്രനിരതരായവർ ധ്യാനിയ്ക്കുന്നത് ആ മഹനീയവും ശാന്തവും നാദാഖ്യവുമായ സദാശിവനായ അങ്ങയ്ക്ക് നമസ്കാരം.

**ധ്യേയഃ സദാ ഗഗനമണ്ഡലമധ്യവർതീ**
**നിർവിഘ്നശുദ്ധശിവയോഗിഹൃദയാംബുജസ്ഥഃ**
**ഈശ്വോർധ്വനിഷ്കലശിവാന്തവപുഃ സദേശോ**
**ബിന്ദുസ്വരോദ്ഭവകലാഭുവനേശഗർഭഃ 19**

**സാരം-** സദാ ആകാശമണ്ഡലത്തിൽ സ്ഥിതിചെയ്യുന്നതും ശുദ്ധശിവയോഗിമാരുടെ ഹൃദയപദ്മത്തിൽ നിൽക്കുന്നതും ശിവശരീരമായതും ബിന്ദു, സ്വരം കല ഭുവനം എന്നിവകളിലെല്ലാം അന്തർഭവിച്ചിരിയ്ക്കുന്നതുമായ ദേവനെ സദാ ധ്യാനിയ്ക്കേണ്ടതാണ്.

**യോസാവീശാനമൂർധാ നരമുഖകമലോ ഘോരഹൃദ് വാമഗുഹ്യഃ**
**സദ്യോമൂർതിഃ പുരേശാനനഹൃദയപദഃ ഷഡ്വിധാധ്വസ്വരൂപഃ**

**ഭൃതാംഭോരാശിസിദ്ധിസ്മരഭുജഗകലാക്ലപ്തദേഹഃ ക്രിയേച്ഛാ-**
**ദൃങ്ഭാസാർധാംബകസ്ഥം കപിലഗതമഹം നൌമി വിദ്യാശരീരം** 20

**സാരം**- യാതൊരാളാണോ ഈശനന്റെ മൂർധാവായും മനുഷ്യരുടെ മുഖകമലമായിട്ടും ഘോരരൂപിയായും ഷഡ്മാർഗസ്വരൂപിയായും ഇരിയ്ക്കുന്ന വിദ്യാസ്വരൂപിയായ ദേവനെ വണങ്ങുന്നു.

**ശ്വേതാസൃക് കൃഷ്ണപീതസ്ഫടികശശിസുവർണാരുണാഖ്യാഗ്നിവർണ-**
**ബ്രഹ്മങ്ഗൈവ്യക്തമൂർതിഭവഹരശിവസംയോഗതഃ സ്ഫടികാഭം**
**ഐക്യാന്മന്ത്രാർഥയോരിത്യഖിലശിവമതേഷ്വാഹ സർവാർഥഹേതു-**
**ർവക്ത്രാണാം വർണഭേദശ്ചിദചിദധിപതേശ്ചിത്രമേതത് സ്വരൂപം** 21

**സാരം**- സർവ്വചരാ ചരങ്ങളുടെയും ദേവനായ ഇദ്ദേഹത്തിന്റെ മുഖങ്ങൾക്ക് നിറഭേദമുണ്ടെങ്കിലും മന്ത്രാർത്ഥങ്ങളുടെ ഐക്യത്താൽ അദ്ദേഹം സ്ഫടികശോഭയോട് കൂടിയിരിയ്ക്കുന്നു എന്നത് അദ്ഭുതമായിരിയ്ക്കുന്നു.

**ഈശാനേന വിയന്മയേന ധവളപ്രഖ്യേന സർവം വിഭോ-**
**ർവ്യാപ്തം വക്ത്രചതുഷ്ടയം പുരുഷഹൃദ്ഗുഹ്യാജമന്ത്രാത്മകം**
**തേനേദം ധവളപ്രഭം ശിവവിദഃ പൂർവാദികാഷ്ഠാഭൃതാം**
**വർണാനുഗ്രഹഹേതുതഃ പ്രതിമുഖം പീതാദിവർണം വിദുഃ** 22

**സാരം**- കിക്കാദിദിക്കുകളിലേയ്ക്ക് തിരിഞ്ഞിരിയ്ക്കുന്ന ശിവന്റെ നാലുമുഖങ്ങൾ മഞ്ഞാദിയായി നിറങ്ങളായി ശിവതത്ത്വം അറിയുന്നവർ പറയുന്നു.

**ഈശതത്പുരുഷാഘോര**
**വാമാജവദനം ശിവം**
**ബാലയൌവനവൃദ്ധസ്ത്രീ**
**നരാകാരം നമാമ്യഹം** 23

**സാരം**- ബാലത്വം യുവത്വം വൃദ്ധത്വം സ്ത്രീത്വം എന്നീ മനുഷ്യാവസ്ഥയെ പ്രതിനിധീകരിയ്ക്കുന്ന ഈശാനൻ തത്പുരുഷൻ അഘോരൻ വാമജൻ എന്നീ മുഖത്തോട് കൂടിയ ശിവനെ വണങ്ങുന്നു.

**ത്രിശൂലഖട്വാങ്ഗധരഃ സർവശക്തിർവരാബ്ജഹസ്തോഭയപാണിരീശഃ**
**സേന്ദീവരാഹിർഡമരുപ്രസക്തഃ സബീജപൂരഃ ശുഭദോക്ഷസൂത്രീ** 24

**സാരം**- ത്രിശൂലം ഖട്വാങ്ഗം ശകതി എന്നീ ആയുധങ്ങളും വരം അഭയം എന്നീ മുദ്രകളും കരിങ്കുവളപൂവ്,പാമ്പ്,ഡമരു,പേരയ്ക്ക അക്ഷസൂത്രം എന്നിവയോട് കൂടിയ ഈശൻ ശുഭപ്രദാതാവാണ്.

**ബോധാനന്ദമയീ വിഭോർഭവഭയപ്രധ്വംസകൃച്ഛക്തയ-**

**സ്ത്രിസ്രസ്ത്രാഃ പരിണാമതശ്ച വികൃതിർനിഃശേഷബീജസ്യ**

**തത്പൂർണം പ്രകൃതിഃ കലാദ്യഭിമുഖീ ദീർഘാക്ഷസൂത്രം മനഃ**

**ശംഭോരസ്ത്രനികായ ആഗമവരൈർജ്ഞേയഃ പരോ നാപരഃ 25**

**സാരം-** ഈശംഭുവിന്റെ അസ്ത്രസമൂഹത്തെ ആഗമജ്ഞർ സർവ്വശ്രേഷ്ഠ മെന്ന് കരുതുന്നു.

**ഈശാനം സർവാസാം വിദ്യാനാമീശ്വരം ച സർവഭൂതാനാം**

**ബ്രഹ്മപതിം ബ്രഹ്മത്വാന്നിഷ്കലരൂപം സദാശിവം നൌമി 26**

**സാരം-** ഈശാനൻ എല്ലാ വിദ്യകളുടെയും ഈശ്വരൻ സർവ്വഭൂതങ്ങളുടെയും ബ്രഹ്മപതി ഏറ്റവും വലുതായതുകൊണ്ട് നിഷ്കലരൂപൻ സദാശിവൻ എന്നിങ്ങനെയുള്ള ശിവനെ ഞാൻ വന്ദിക്കുന്നു.

**തത്പുരുഷം ഭക്താനാം ശൈവജ്ഞാനപ്രദം മഹാദേവം**

**രുദ്രം ശിവതത്ത്വസിദ്ധ്യൈ തത്ത്വപ്രേരകമഹം വന്ദേ 27**

**സാരം-** തത്പുരുഷൻ, ഭക്തന്മാക്ക് ശിവജ്ഞാനം പ്രദാനം ചെയ്യുന്നവൻ, മഹാദേവൻ ,രുദ്രൻ ,തത്ത്വപ്രേരകൻ എന്നീ നിലകളിലുള്ള ശിവനെ ശിവതത്ത്വസിദ്ധിയ്ക്കുവേണ്ടി ഞാൻ വന്ദിക്കുന്നു.

**അഥ ഘോരമഘോരം പശുപാശനിരാകരണം ഘോരഘോരതരം**

**സർവസ്മാച്ഛരണമഹം ശർവം ബഹുരൂപിണം വന്ദേ 28**

**സാരം-** ഘോരം, അഘോരം, ബന്ധനങ്ങളുടെ വിച്ഛേദനകർത്താവ്, ഘോരഘോരതരം എന്നിപ്രകാരം പലവിധരൂപത്തിലുള്ള ശിവനെ ഞാൻ വന്ദിക്കുന്നു.

**വാമം ജ്യേഷ്ഠം രുദ്രം കലവികരണബലവികരണകലാന്തം**

**ബലപ്രമഥനം സർവഭൂതദമനമനോന്മനമഹം വന്ദേ 29**

**സാരം-** വാമഃ, ജ്യേഷ്ഠഃ, രുദ്രഃ, കലവികരണഃ, ബലവികരണഃ, കലാന്തഃ , വലപ്രമഥനൻ ,സർവ്വഭൂതദമനൻ ,മനോമനൻ എന്നീ പേരിലറിയപ്പെടുന്ന ശിവനെ ഞാൻ വന്ദിക്കുന്നു.

**സദ്യോജാതം സർവജ്ഞം പ്രണതാനാം ഭവഭയാപഹരം**

**അഭിഭവയോജകമമലം ഭവോദ്ഭവം നൌമി ജഗദധിപം 30**

**സാരം-** വാസദ്യോജാതൻ, സർവ്വജ്ഞൻ, നമിയ്ക്കുന്നവരുടെ സംസാരഭ

യത്തെ അപഹരിയ്ക്കുന്നവൻ, അമലൻ, സംസാരത്തിൽ ഉടൽ പൂണ്ടവൻ, ലോകാധിപൻ എന്നിങ്ങനെയുള്ള ശിവനെ ഞാൻ വന്ദിക്കുന്നു.

# സംസ്കൃതപഠനം (54)

ഡി. പ്രകാശ്

(കഴിഞ്ഞ ലക്കം തുടർച്ച)

**സ്ഥിത്യൈ ദണ്ഡയതോ ദണ്ഡ്യാൻ പരിണേതുഃ പ്രസൂതയേ**
**അപ്യർഥകാമൗ തസ്യാസ്താം ധർമ്മ ഏവ മനീഷിണഃ** 25

പദങ്ങൾ: സ്ഥിത്യൈ ദണ്ഡയതഃ ദണ്ഡ്യാൻ പരിണേതുഃ പ്രസൂതയേ അപി അർഥകാമൗ തസ്യ ആസ്താം ധർമഃ ആസ്താം ഏവ മനീഷിണഃ

## വിഭക്ത്യാദികൾ

| | |
|---|---|
| സ്ഥിത്യൈ | ഇകാരാന്തഃ സ്ത്രീലിംഗഃ ചതുർത്ഥീ ഏകവചനം |
| ദണ്ഡയതഃ | തകാരാന്തഃ പുല്ലിംഗഃ ഷഷ്ഠീ ഏകവചനം |
| ദണ്ഡ്യാൻ | അകാരാന്തഃ പുല്ലിംഗഃ ദ്വിതീയാ ബഹുവചനം |
| പരിണേതുഃ | ഋകാരാന്തഃ പുല്ലിംഗഃ ഷഷ്ഠീ ഏകവചനം |
| പ്രസൂതയേ | ഇകാരാന്തഃ സ്ത്രീലിംഗഃ ചതുർത്ഥീ ഏകവചനം |
| അപി | അവ്യയം |
| അർഥകാമൗ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ദ്വിവചനം |
| തസ്യ | ദകാരാന്തഃ പുല്ലിംഗഃ ഷഷ്ഠീ ഏകവചനം |
| ധർമഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ഏവ | അവ്യയം |
| മനീഷിണഃ | ഈകാരാന്തഃ പുല്ലിംഗഃ ഷഷ്ഠീ ഏകവചനം |

## സമാസാദികാര്യങ്ങൾ

| | |
|---|---|
| അർഥകാമൗ | അർഥഃ ച കാമഃ ച . തൗ |

## ധാതുപദലകാരപുരുഷവചനങ്ങൾ

ആസ്താം - അസ് ധാതുഃ , പരസ്മൈപദീ, ലങ് ലകാരഃ, പ്രഥമപുരുഷഃ, ദ്വിവചനം

| | | |
|---|---|---|
| ആസിത് | ആസ്താം | ആസൻ |
| ആസീഃ | ആസ്തം | ആസ്ത |
| ആസം | ആസ്വ | ആസ്മ |

## പദാർത്ഥങ്ങൾ

| | |
|---|---|
| സ്ഥിത്യൈ | നല്ല നിലനില്പിനായി |
| ദണ്ഡയതഃ | ശിക്ഷിക്കുന്നവന്റെ |
| ദണ്ഡ്യാൻ | ശിക്ഷാർഹരായവരെ |
| പരിണേതുഃ | വിവാഹം കഴിയ്ക്കുന്നവന്റെ |
| പ്രസൂതയേ | സന്തതിയ്ക്കായി |
| അപി | പോലും |
| അർഥകാമൗ | അർത്ഥകാമങ്ങൾ |
| തസ്യ | അദ്ദേഹത്തിന്റെ |
| ധർമഃ | ധർമ്മം |
| ഏവ | തന്നെ |
| മനീഷിണഃ | വിദ്വാന്റെ |

## അന്വയം / ഗദ്യക്രമം

സ്ഥിത്യൈ ദണ്ഡ്യാൻ ദണ്ഡയതഃ പ്രസൂതയേ പരിണേതുഃ മനീഷിണഃ. തസ്യ അർഥകാമൗ അപി ധർമഃ ആസ്താം ഏവ ആസ്താം.

## അന്വയാർത്ഥം

നല്ല നിലനില്പിനായി ശിക്ഷാർഹരായവരെ ശിക്ഷിക്കുകയും സന്തതിയ്ക്കാ

യി വിവാഹം കഴിയ്ക്കുകയും ചെയ്യുന്ന മനീഷിയായ അദ്ദേഹത്തന്റെ അർത്ഥ കാമങ്ങൾ പോലും ധർമ്മം തന്നെ ആയിരുന്നു.

**സാരം**

ശിക്ഷിയ്ക്കപ്പെടാൻ ഒരു തരത്തിലും പാടില്ലാത്തവരെ ശിക്ഷിക്കുന്നവനും ശിക്ഷാർഹരായവരെ ശിക്ഷിയ്ക്കുകയും ചെയ്യുന്നവർക്ക് വലിയതരത്തിലുള്ള അകീർത്തി ലഭിയ്ക്കുകയും നരകത്തിലേയ്ക്ക് പോകുകയും ചെയ്യും എന്നാണ് ശാസ്ത്രവചനമുണ്ട്. അതുകൊണ്ട് ദിലീപമഹാരാജാവ് ശിക്ഷാർഹരായവരെ മാത്രം ശിക്ഷിയ്ക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. അത് ലോകത്തിന്റെ സുസ്ഥിതിയ്ക്കായി ഭവിച്ചു. അതുപോലെ കാമപൂരണത്തിനല്ലാതെ വംശപരമ്പരയുടെ തുടർച്ചയ്ക്കായി മാത്രം വിവാഹം ചെയ്തു. അങ്ങനെ ദിലീപന്റെ അർത്ഥം കാമം എന്ന രണ്ട് പുരുഷാർത്ഥങ്ങൾ ധർമ്മത്തിനനുസരിച്ചായിരുന്നു. ഇതിലൂടെ അദ്ദേഹത്തിൻെറ ധർമ്മനിഷ്ഠ നമുക്ക് മനസ്സിലാക്കാം. കൂടാതെ ധർമ്മമനുസരിച്ച് അർത്ഥം സമ്പാദിച്ച് കാമങ്ങൾ സാധിക്കുന്നവൻ മോക്ഷം പ്രാപിയ്ക്കുമെന്നും ഇദ്ദേഹം നമുക്ക് കാണിച്ചു തന്നു.

(തുടരും)

# തന്ത്രോച്ചയം

ഡോ. അജിതൻ പി.ഐ.

(കഴിഞ്ഞ ലക്കം തുടർച്ച)

**മൂലാധാരാദുദേത്യ പ്രസൃതസുവിതതാനന്തനാഡ്യദ്ധ്വദണ്ഡം**
**വീര്യേണാക്രമ്യ നാസാഗഗനപരിഗതം വിക്ഷിപൻ വ്യാപ്തുമീഷ്ടേ**
**യാവദ്ധൂമാഭിരാമാപ്രചിതതരശിഖാജാലകേനാദ്ധ്വചക്രം**
**സംച്ഛാദ്യാഭീഷ്ടജീവാനയനമിതി മഹാജാലനാമാപ്രയോഗഃ**

മൂലാധാരത്തിൽ നിന്നും ഉദ്ഭവിക്കുന്ന അനേകം നാഡികളിലൂടെ ശ്വാസത്തെ നാസാഗ്രത്തിൽ പുറത്തേക്ക് വിട്ട് പുറത്തിരിക്കുന്ന ജീവനെ വലകൊണ്ട് മീനിനെയെന്നപോലെ ശ്വാസം വഴി തന്നിലേക്കാകർഷിക്കണം. ഇതാണ് ജാലദീക്ഷ.

**യേ/പ്യധരശാസനസ്ഥാ ഉത്തമശാസനാനുഷ്ഠാനം വാ/ധശാസനസ്ഥാദ് ഗൃഹീതവന്തസ്തേ യദാ സമ്യക്ശക്തിപാതവശാത് സദ്ഗുരുമുപാസതേ തദാ തേഷാം പൂർവ്വവ്രതാദ്യപാസ്യ സമയിത്വേ പുത്രക**

**ത്വേ വാ പ്രാഗ്വദേവ നിയോജനമിതി ലിംഗോദ്ധാരദീക്ഷാ.**

ഏതൊരാളാണോ താഴ്ന്ന പടിയിലുള്ള മാർഗ്ഗങ്ങളിൽ ദീക്ഷിതനായവൻ അല്ലെങ്കിൽ ഉയർന്നമാർഗ്ഗങ്ങളിലേക്ക് താഴ്ന്ന പടിയിലുള്ള മാർഗ്ഗത്തിൽ നിന്നുള്ള ഒരു ഗുരുവിൽ നിന്നും ദീക്ഷിതനാവുന്നത് അങ്ങനെയുള്ളയാൾ ഏപ്പോഴാണോ ശക്തിപാതവശാത് സദ്ഗുരുവിനെ സമീപിക്കുന്നത് അപ്പോൾ ആയാൾക്ക് ആ ഗുരു പൂർവ്വമാർഗ്ഗത്തിലുണ്ടായിരുന്നപ്പോൾ അനുഷ്ഠിച്ച വ്രതങ്ങളെ മാറ്റി സമയദീക്ഷയോ പുത്രകദീക്ഷയോ കൊടുക്കണം. ഇതാണ് ലിംഗോദ്ധാരദീക്ഷ.

**യസ്തു സ്വഭ്യസ്തജ്ഞാനഃ സ ചേത് സ്വാത്മനഃ സിദ്ധിം വാഞ്ഛതി തത്സാധകത്വേഭിഷിക്തവ്യഃ, ന ചേത് പരാർത്ഥസംപാദനാതിരിക്തകർത്തവ്യതാഭാവാദാചാര്യത്വേ നിയോക്തവ്യഃ.**

ആർക്കാണോ സ്വാഭ്യാസത്താൽ ജ്ഞാനോദയമുണ്ടായിട്ടുള്ളത് അങ്ങനെയുള്ളയാൾ ആത്മലാഭം ആഗ്രഹിക്കുന്നുവെങ്കിൽ അദ്ദേഹത്തെ സാധകദീക്ഷ നൽകി അഭിഷിക്തനാക്കണം. അല്ലെങ്കിൽ അദ്ദേഹത്തിന് സ്വാർത്ഥതാത്പര്യങ്ങളൊന്നുമില്ലാത്തതിനാൽ ആചാര്യ ദീക്ഷ നൽകി അഭിഷിക്തനാക്കണം.

**തത്ര സർവ്വാർപ്പണവിശ്വാദ്ധ്വപൂർണ്ണമന്ത്രദേവതാ സംവിദ്രസപൂർണ്ണകലശാഭിഷേകഃ.**

ഇവിടെ കലശാഭിഷേകമെന്ന് പറയുന്നത് സർവ്വവും ശിഷ്യനിൽ അർപ്പിക്കുന്നതും എല്ലാ അദ്ധ്വങ്ങളാലും പൂർണ്ണമായതും മന്ത്രദേവതകളാകുന്ന സംവിദ്രസത്താലും പൂർണ്ണമായ കലശം കൊണ്ട് വേണം ആചാര്യാഭിഷേകം ചെയ്യാൻ.

**ഇഹൈതജ്ഞാനാനുഗൃഹീതാനാമന്ത്യേഷ്ടിശ്രാദ്ധാദികം നോപയുജ്യത ഇതി തന്മരണദിനം പരം തത്സന്താനിനാം പർവ്വദിനമിതി.**

ഇത്തരത്തിൽ ജ്ഞാനാനുഗൃഹീതന്മാരെ സംബന്ധിച്ച് അവരുടെ മരണാനന്തരം അവരെ ഉദ്ദേശിച്ച് നടത്തപ്പെടുന്ന അന്ത്യേഷ്ടി, ശ്രാദ്ധം എന്നിവ കൊണ്ട് യാതൊരു പ്രയോജനവും ഇല്ല. മറിച്ച് അങ്ങനെയുള്ള ഒരാളുടെ മരണദിനമാണ് അദ്ദേഹത്തിന്റെ ശിഷ്യന്മാരെ സംബന്ധിച്ച് ഒരു പർവ്വദിനം.

**തത്ര വിശേഷതഃ പൂജാ ചക്രതർപ്പണം ച യഥാവിഭവമവികല്പം.**

ആ പർവ്വദിനത്തിൽ പൂജയും ചക്രതർപ്പണവും വിഭവവിസ്തരമായി ചെയ്യണം.

**ഏവം പരമേശ്വരേച്ഛൈവ മോചികേതി തദധിഷ്ഠിത ആചാര്യഃ**

**ശക്തിപാതാധിഷ്ഠിതേ തത ഏവ നിർവ്വിചികിത്സാത്രുദ്ധിഭാജനേ**

**ശിഷ്യ ഏവം പ്രകാരൈരഭീഷ്ടസിദ്ധിം വിതരേത്.**

ഇപ്രകാരം ശിവന്റെ ഇച്ഛയാണ് മോക്ഷത്തിന് കാരണമെന്നതിനാൽ ശിവാനുഗ്രഹം ലഭിച്ച ആചാര്യൻ ശക്തിപാതം ലഭിച്ചവനും അതിനാൽ തന്നെ സംശയങ്ങളെല്ലാം അറ്റതുമായ ശിഷ്യനെ ഇപ്രകാരം ദീക്ഷനൽകി അഭീഷ്ടങ്ങൾ സാധിപ്പിച്ചു കൊടുക്കണം.

**യതഃ**

**അനുഗ്രഹപരഃ ശിവോ വശിതയാനുഹ്യഹ്ണാത് യം**

**സ ഏവ പരമേശ്വരീഭവതി നാമ കിം വാദ്ഭുതം**

**ഉപായപരികല്പനാ നനു തദീശനാമാത്രകം**

**വിദന്നിതി ന ശങ്കതേ പരിമിതേപ്യുപായേ ബുധഃ**

എന്തുകൊണ്ടെന്നാൽ

അനുഗ്രഹിക്കുക എന്നത് മാത്രം ലക്ഷ്യമാക്കിയിരിക്കുന്ന ശിവൻ ആരേയാണോ അനുഗ്രഹിക്കുന്നത് അവൻ ശിവനായിത്തീരുന്നു എന്നതിൽ എന്താണദ്ഭുതം. അങ്ങനെ അനുഗൃഹീതനായ ഒരാൾക്ക് ഉപായങ്ങൾ വികല്പസംസ്കാരത്തിനുള്ള പടികൾ മാത്രമാണ്. ഇപ്രകാരം അറിയുന്ന ഒരാൾ ഉപായങ്ങളുടെ പരിമിതയിൽ സംശയിക്കുന്നില്ല.

**ആഹ ച**

ഇതി തന്ത്രോച്ചയേ അഷ്ടമാഹ്നികം

## നവമമാഹ്നികം

**ലബ്ധദീക്ഷാകോ ജ്ഞാനസിദ്ധ്യപവർഗ്ഗത്രുദ്ധിലാഭനിമിത്തം**

**നിത്യം നൈമിത്തികം ചോപാസീത.**

ദീക്ഷലഭിച്ചയാൾ ജ്ഞാനസിദ്ധിയാകുന്ന മോക്ഷലാഭത്തിനായിക്കൊണ്ട് നിത്യ-നൈമിത്തികോപാസകൾ ചെയ്യണം.

**സ്വഭ്യസ്തജ്ഞാനോऽപി ജ്ഞാനാഭ്യാസതാരതമ്യം യതശ്ചാസ്യ പരാർത്ഥം. സ്വയം തു ദൃഢപ്രതിപത്തിമാത്രേണൈവ കൃതാർത്ഥത്വാത്.**

ജ്ഞാനം അഭ്യസിച്ചവനാണെങ്കിൽ കൂടി ജ്ഞാനത്തിന്റേയും അഭ്യാസത്തിന്റേയും സന്തുലിതാവസ്ഥയ്ക്ക് വേണ്ടി നിത്യനൈമിത്തികങ്ങൾ ചെയ്യണം.

എന്തുകൊണ്ടെന്നാൽ ജ്ഞാനം ലഭിച്ചവന് ചെയ്യുന്നതെല്ലാം പരാർത്ഥമായി ട്ടാണ്. അദ്ദേഹം ദൃഢമായ ജ്ഞാനത്താൽ കൃതാർത്ഥനാണ്.

**തത്ര നിത്യം സന്ധ്യോപാസനപൂജനജപസ്വാധ്യായഗുരുസേവാദി, നൈമിത്തികം തു പർവ്വപൂജാദികം പവിത്രകാദിവിധിശ്ച.**

ഇവിടെ നിത്യകർമ്മങ്ങൾ സന്ധ്യോപാസന, പൂജനം, ജപം, സ്വാദ്ധ്യായം, ഗുരുസേവ തുടങ്ങിയവയാണ്. നൈമിത്തികം പർവ്വപൂജകളും പവിത്രവിധി, ദമനവിധി തുടങ്ങിയവയാണ്.

**നൈമിത്തികേ മുഖ്യഃ കല്പഃ ശാക്തമർഘപാത്രം പ്രതിവർഷം ജന്മമദ്ധ്യേ$\int$പി വാ ചര്യാപൂരണായ. അപൂർണ്ണചര്യാ മോക്ഷേ വിഘ്നഃ.**

നൈമിത്തികത്തിൽ പ്രധാനമായി ചെയ്യേണ്ടത് എല്ലാവർഷവും അല്ലെങ്കിൽ ജന്മമദ്ധ്യത്തിലെങ്കിലോ ചര്യാപൂരണത്തിനായി അർഘ്യപാത്രം സേവിക്കണം. അപൂർണ്ണമായ ചര്യ മോക്ഷത്തിന് തടസ്സമാണ്.

**തത്ര പർവ്വദിനാനി പ്രതിമാസം പ്രഥമപഞ്ചമേ ദിനേ ഭവന്തി.**

നൈമിത്തികത്തിൽ പർവ്വദിനങ്ങൾ എല്ലാമാസവും ഒന്നാമത്തെ ആഴ്ച അഞ്ചാം ദിവസമാണ്.

തുടർന്ന് പറയുന്നത് ഓരോരോ മാസത്തേയും വിശേഷപർവ്വങ്ങളാണ്. അവ ഇവിടെ അർത്ഥസഹിതം വിവരിക്കുന്നില്ല.

**വിശേഷതസ്തു ചൈത്രേ ശുക്ലത്രയോദശീ ദിനമദ്ധ്യം ബുധപൂർവ്വഫല്ഗുനീയോഗഃ, വൈശാഖേ കൃഷ്ണാഷ്ടമീ ദിനമദ്ധ്യം ബുധശ്രവണയോഗഃ, ജ്യേഷ്ഠേ കൃഷ്ണനവമീ മദ്ധ്യം ദിനം ചന്ദ്രശതഭിഷഗ്യോഗഃ, ആഷാഢേ കൃഷ്ണപ്രതിപന്മദ്ധ്യം ദിനം ആദിത്യമൂലയോഗഃ, ശ്രാവണേ കൃഷ്ണൈകദശീ പൂർവ്വാഹ്ണഃ, ശുക്രരോഹിണീയോഗഃ. ഭാദ്രപദേ ശുക്ലഷഷ്ഠീ ദിനമദ്ധ്യം ബൃഹസ്പതിവിശാഖായോഗഃ, ആശ്വയുജേ ശുക്ലനവമീ ദിനം സർവ്വം നാത്ര യോഗഃ, കാർത്തികേ ശുക്ലനവമ്യാം രാത്രേഃ പ്രഥമോ ഭാഗശ്ചന്ദ്രശാവണയോഗഃ, മാർഗ്ഗശീർഷേ കൃഷ്ണനവമ്യാം രാത്രേഃ പ്രഥമോ ഭാഗ ആദിത്യോത്തരഫല്ഗുനീയോഗഃ, മാർഗ്ഗശീർഷേ കൃഷ്ണനവമ്യാം രാത്രേഃ പ്രഥമോ ഭാഗ ആദിത്യോത്തരഫല്ഗുനീയോഗഃ, പൗഷേ കൃഷ്ണനവമ്യാം രാത്രിമദ്ധ്യം ചന്ദ്രചിത്രായോഗഃ, മാഘേ ശുക്ലപഞ്ചദശ്യാം രാത്രിമദ്ധ്യം ബൃഹസ്പതിമഘായോഗഃ, ഫാല്ഗുനേ ശുക്ലദ്വാദശീ മദ്ധ്യം ദിനം ചന്ദ്രതിഷ്യ**

**ഗ്യോഗഃ. അഗ്രതിഥിവേധസ്ത്വത്ര വിശേഷതരഃ. ത്രിധാ ദിനം രാത്രിം ച കൃത്വാ പൂർവ്വമദ്ധ്യാപരഭാഗോ യാഗകാലഃ. യോഗസഹിതത്വേ വിശേഷതഃ പൂജാചക്രയാഗതർപ്പണം. ഭാഗശോ വിശേഷസംഭവേ ഭാഗഭാഗപൂജയാ പൂർണ്ണം യാഗോ യജനം ഭവതി. യോഗലാഭേ വേലായാ അസംഭവേ യോഗോ ബലീയാൻ. അന്യയാഗകാലലാഭ ശ്ച മുഖ്യ ഇത്യേവം പർവ്വവിധിഃ.**

യോഗമുണ്ടെങ്കിലും സമയം ഇല്ലാത്തപക്ഷം യോഗം തന്നെയാണ് ബല മായിട്ടുള്ളത്.

**അന്യാന്യപി നൈമിത്തികാനി തദ്യഥാ ഗുരുഗൃഹാഗമനം തദ്വർഗ സ്യ ച ശാസ്ത്രജ്ഞാനലാഭോ ദേവതാദർശനാദിശ്ചേതി.**

മേൽപ്പറഞ്ഞതല്ലാതെ മറ്റ് നൈമിത്തികങ്ങളും ഉണ്ട്. അതെപ്രകാരമെ ന്നാൽ ഗുരു ഗൃഹം സന്ദർശിക്കുന്ന ദിവസം, അതുപോലെത്തന്നെ ഗുരുവുമാ യി സംബന്ധിച്ച മറ്റാളുകൾ വരുന്ന ദിവസം, ശാസ്ത്രജ്ഞാനം ലഭിക്കുന്ന ദിവസം, ദേവതയുടെ ദർശനമുണ്ടാവുക തുടങ്ങിയവ.

**അഥ പവിത്രകവിധിഃ. സ ച വിധിപൂരകഃ പരമേശ്വരാജ്ഞാപൂരക ശ്ചേത്യവശ്യമേവ കർത്തവ്യഃ.**

അനന്തരം പവിത്രവിധിയെ പറയുന്നു. ഇത് പൂജാവിധിയെ പൂർണ്ണമാക്കുന്നതാണ്. അതുമാത്രമല്ല ശിവന്റെ ആജ്ഞയെ പൂരിപ്പിക്കുന്നതിമാണ്.

**സ ചാഷാഢശുക്ലാത് കാർത്തികാന്തം കർത്തവ്യഃ.**

പവിത്രവിധിയാവട്ടെ മിഥുനം-കർക്കിടകം മാസങ്ങളിൽ ശുക്ലപക്ഷത്തിൽ കാർത്തികവരെ ചെയ്യണം.

**മാഘാന്തേ ദക്ഷിണായനേപി വാ ക്വചിദുക്തഃ.**

ചില ശാസ്ത്രങ്ങളിൽ മകര-കുംഭമാസം വരേയും ദക്ഷിണായനത്തിലും ചെയ്യാൻ പറയുന്നുണ്ട്.

**തദ്വിധിസ്തു യഥാസംഭവം സൗവർണ്ണപട്ടസൂത്രപവിത്രകാദാരഭ്യ ദാർഭമപി പവിത്രകം വിത്തശാഠ്യപരിഹാരേണാദ്ധ്വസംഖ്യാഗ്ര ന്ഥികം സർവ്വാദ്ധ്വപരിപൂർണ്ണം ഭാവയിത്വാ ഗുരുരർപ്പയേച്ഛിഷ്യാർത്ഥേ തതോ വിശേഷപൂജനതർപ്പണദക്ഷി ണാദീന്യേവം നിത്യം നൈമിത്തികേ**

**കുർവ്വാണസ്യാവില്വപ്തോത്സാഹസ്യ വിനാപി**

**പ്രമുഖജ്ഞാനയോഗധാരയാ ചര്യാമാത്രാന്മുക്തിഃ.**

അതിന്റെ വിധിയാവട്ടെ സ്വർണ്ണം, പട്ടുനൂൽ, ദർഭ തുടങ്ങിയവകൊണ്ട് ഒട്ടും തന്നെ പിശുക്കുകാണിക്കാതെ പവിത്രമുണ്ടാക്കി അദ്ധ്വസംഖ്യക്ക് തുല്യമായി കെട്ടുകൾ കെട്ടി എല്ലാ അദ്ധ്വത്താലും ഈ പവിത്രം പൂർണ്ണമായി എന്ന് സങ്കല്പിച്ച് ഗുരു ശിഷ്യന് വേണ്ടി അർപ്പിക്കണം. അതിന് ശേഷം വിശേഷപൂജ, തർപ്പണം, ദക്ഷിണ തുടങ്ങിയവ നിത്യകർമ്മങ്ങൾ നൈമിത്തികത്തിൽ ചെയ്യുന്ന ഉത്സാഹം ശമിച്ചുപോകാത്തതായ ഒരാളെ സംബന്ധിച്ച് ജ്ഞാനോദയമുണ്ടായില്ലെങ്കിലും കേവലം പൂജകൊണ്ട് മാത്രം മുക്തിലഭിക്കും.

തന്ത്രോച്ചയേ നവമമാഹ്നികം

തന്ത്രോച്ചയത്തിൽ ഒമ്പതാമാഹ്നികം സമാപിച്ചു

## ദശമമാഹ്നികം

**ഇത്യേവം ഗുരുവചനാദധിഗമ്യ സർവ്വഥാ ഗുരുർഭഗവാൻ പൂജനീയഃ.**

ഇപ്രകാരം ഗുരുവക്ത്രത്തിൽ നിന്നും രഹസ്യം മനസ്സിലാക്കണം. ശിവൻ തന്നെയായ ഗുരു എല്ലായ്പ്പോഴും പൂജിക്കപ്പെടേണ്ടതുമാണ്.

**തത്ര സുവർണ്ണപൂർണ്ണപൃഥിവീദാനേനാപി ന ഗുരാവനൃണീ ഭവതീത്യുക്തം തത്ര തത്ര ശ്രുത്യന്തസിദ്ധാന്തതന്ത്രോത്തീർണ്ണാദിഷു, കിന്തു സബാഹ്യാഭ്യന്തരമാത്മപര്യന്തമർപ്പണം കൃത്വാ തത്രാനൃണീ ഭവതി.**

വേദാന്തം, ശൈവസിദ്ധാന്തം തുടങ്ങിയവയിൽ നിന്നും ഉയർന്നതായ ശിവാദ്വയപരമായ ഗ്രന്ഥങ്ങളിൽ സ്വർണ്ണപൂർണ്ണമായ ഭൂമി ഗുരുവിന് ദക്ഷിണയായിക്കൊടുത്താലും ശിഷ്യന്റെ കടം തീരില്ലെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ശിഷ്യൻ തന്റെ പുറത്തുള്ളതും അകത്തുള്ളതും തന്നെത്തന്നെയും സമർപ്പിക്കുന്നതുവഴി കടക്കാരൻ അല്ലാതായിത്തീരുന്നു.

**യാവച്ച ഗുരാവനൃണീ ന സമ്പന്നസ്താവദധികാരബന്ധോസ്യ ന നിവർത്തതേ.**

എത്രകാലം കടക്കാരനായി നിലകൊള്ളുന്നുവോ അത്രയുകാലം ഗുരുവിന് തന്റെമേലുള്ള അധികാരം നിലനിൽക്കും.

**തസ്മാത് സർവ്വഥാ യാഗാന്തേ വിത്തശാഠ്യവിരഹിതേന സകലാത്മനിവേദനാന്തം ഗുരുഃ പൂജ്യോ വന്ദ്യഃ പരിതോഷ്യഃ.**

അതിനാൽത്തന്നെ എല്ലായ്പോഴും പൂജാവസാനത്തിങ്കൽ വിത്തശാഠ്യം (പിശുക്ക്) ഉപേക്ഷിച്ചവനായി ശിഷ്യൻ ഭാര്യയോട് കൂടി തന്നെത്തന്നെ ഗുരുവിന് സമർപ്പിച്ചുകൊണ്ട് അദ്ദേഹത്തെ പൂജിക്കുകയും സന്തോഷിപ്പിക്കുകയും വേണം.

**യേന യേന പ്രകാരേണ ഗുരുഃ സന്തോഷമേത്യസൗ**

**തേന തേന പ്രകാരേണ പ്രസീദേദ്ദേവതാഗണഃ**

**ഇതി ഹ്യുക്തം സംചാരാദൗ.**

ഏതേത് പ്രകാരത്തിലാണോ ഗുരു പ്രസന്നനാകുന്നത് അതേ പ്രകാരത്തിൽ ദേവതാഗണങ്ങളും സന്തുഷ്ടരാവുന്നു. ഇപ്രകാരം സംചാരം തുടങ്ങിയ തന്ത്രഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ട്.

**തദിദമുക്തം വക്തവ്യം യത്സർവ്വോത്തീർണ്ണശാസ്ത്രാണാം**

**സാരരഹ സ്യമഭിധേയം.**

ഇവിടെ പറയേണ്ടതായ മറ്റെല്ലാ ശാസ്ത്രങ്ങളിൽ നിന്നും ഉയർന്നതായ ശാസ്ത്രങ്ങളുടെ രഹസ്യം പറഞ്ഞുകഴിഞ്ഞു.

**അഹമഭിനവഗുപ്തഃ പ്രാർത്ഥയേ സദ്വിവേകാൻ**

**പ്രണയിവചനഭംഗം തേപി നാലം വിദദ്ധ്യുഃ**

**കിമപി കിമപി യദ്വദ്ദൂരമാലോകയദ്ധ്വം**

**പുരമിദമപി തദ്വത് വസ്തുതോ വേത്ഥ പശ്ചാത്**

ഞാൻ അഭിനവഗുപ്തൻ വിവേകികളായ നിങ്ങളോട് പ്രാർത്ഥിക്കുന്നു എന്തെന്നാൽ നിങ്ങളെ ഇഷ്ടപ്പെടുന്ന ആളുകളുടെ വാക്കുകൾ വെറുതെയാക്കാതിരിക്കുക. എന്തൊക്കെയാണോ നിങ്ങൾ ദൂരത്തായ് കാണുന്നത് അതുപോലെ ഇതിനേയും അറിയണം.

**സംവിത്പ്രകാശപരമാർത്ഥതയാ യഥൈവ**

**ഭാത്യാത്മശത്യപി തഥേതി വിവേചയന്തഃ**

**സന്തഃ സമസ്തമയചിത്പ്രതിഭാവിമർശ-**

**സാരം സമാശ്രയത ശാസ്ത്രമനുത്തരാത്മ**

ഏപ്രകാരമാണോ ബോധം പരമമായി പ്രകാശിക്കുന്നത് അപ്രകാരം തന്നെയാണ് ഞങ്ങൾ മനസ്സിലാക്കുന്നതെന്ന് വിവേചിച്ചറിയുന്നവരായ സജ്ജനങ്ങൾ എല്ലാമായിത്തീർന്ന ചൈതന്യത്തിന്റെ പ്രതിഭയായ വിമർശത്തിന്റെ സത്തയായ ഈ അനുത്തരത്തെ ആശ്രയിക്കണം.

**ആഹ ച**

**...തന്ത്രരാദ്ധാന്തശാസ്ത്രാണ്യധിഗമ്യ സമ്യക്**

**ശ്രീ ശംഭുപാദാബ്ജനിഷേവണേന**
**നിയുക്തചിത്തോഭിനവപ്രധാനഃ**
**ചിത്രാ....**
**ആലോകസാരോദ്വയഭിന്നമേതത്**
**തന്ത്രം ത്രിധാ വ്യാകുരുതേസ്മ ഗുപ്തം**
**ഇതി തന്ത്രോച്ചയമേനം ഭാവയതി ദിവാനിശ..**

ഇതി ശ്രീമന്മഹാമാഹേശ്വരാചാര്യാഭിനവഗുപ്തവിരചിതേ തന്ത്രോച്ചയേ ദശമമാഹ്നികം

ഇപ്രകാരം ശ്രീമഹാമഹേശ്വരാചാര്യാഭിനവഗുപ്തനാൽ എഴുതപ്പെട്ട തന്ത്രോച്ചയത്തിലെ പത്താമാഹ്നികം സമാപിച്ചു. തന്ത്രോച്ചയം കഴിഞ്ഞു.

തന്ത്രോച്ചയം കഴിഞ്ഞു.

**മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം**

# പരമാർത്ഥസാരം (22)

**(ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)**

**ഡോ. ദാമോദർ നാരായണൻ സി.എൻ.**

(കഴിഞ്ഞ ലക്കം തുടർച്ച)

ഇത്ഥം വിശ്വോല്ലാസനവിലായനക്രീഡാശീലോ ഭഗവാന്യഃ ശിവഃ ഇതി വ്യപദിശ്യതേ സ കതമഃ കുത്ര തിഷ്ഠതി കതമേന വാ പ്രമാണേന പ്രസിദ്ധഃ ഇത്യാശങ്ക്യ സർവ്വേഷാം സ്വാത്മൈവ ശിവഃ സർവ്വത്രാദിസിദ്ധതയാ സ്ഫുരൻ സർഗ്ഗാദീൻ വിദധാതീത്യസ്മച്ഛബ്ദവാചകൈഃ ശബ്ദൈഃ പ്രതിപാദയതി.

47. **ഇതി ശക്തിചക്രയന്ത്രം ക്രീഡായോഗേന വാഹയൻ ദേവഃ**
**അഹമേവ ശുദ്ധരൂപഃ ശക്തിമഹാചക്രനായകപദസ്ഥഃ.**
48. **മയ്യേവ ഭാതി വിശ്വം ദർപ്പണ ഇവ നിർമ്മലേ ഘടാദീനി.**
**മത്തഃ പ്രസരതി സർവ്വം സ്വപ്നവിചിത്രത്ത്വമിവ സുപ്താത്.**
49. **അഹമേവ വിശ്വരൂപഃ കരചരണാദിസ്വഭാവഃ ഇവ ദേഹഃ.**
**സർവ്വസ്മിന്നഹമേവ സ്ഫുരാമി ഭാവേഷു ഭാസ്വരൂപമിവ.**
50. **ദ്രഷ്ടാ ശ്രോതാ ഘ്രാതാ ദേഹേന്ദ്രിയവർജ്ജിതോ ഽപ്യകർത്താപി.**
**സിദ്ധാന്താഗമചിത്രാനഹമേവ രചയാമി.**

**സാരം**- ഇപ്രകാരം വിശ്വത്തെ സൃഷ്ടിക്കുക ലയിപ്പിക്കുക എന്നിങ്ങനെയു

ള്ള ക്രീഡ ശീലമാക്കിയതായ ശിവനെന്ന പേരിൽ അറിയപ്പെടുന്ന ആ ഭഗവാൻ ആരാണ് എവിടെയാണ് നിലനില്ക്കുന്നത്, ഏതു പ്രമാണം കൊണ്ടാണ് അറിയുവാൻ സാധിക്കുക എന്നിങ്ങനെ സംശയിച്ച് [അതിനു ത്തരമായി] എല്ലാത്തിന്റെയും ആത്മാവായിരിക്കുന്നതായി എല്ലായിടത്തും ആദിയിൽ തന്നെ നിലനിന്നിട്ട് ആ ശിവൻ സൃഷ്ടി തുടങ്ങിയവയെച്ചെയ്യുന്നുവെന്ന് അസ്മച്ഛബ്ദവാചകത്താൽ (ശിവൻ ഞാൻ എന്നു) പറയുന്നു.

ഇപ്രകാരം ശക്തിചക്രയന്ത്രത്തെ ക്രീഡാരൂപത്തിൽ വഹിച്ചു കൊണ്ട് ദേവനായ ഞാൻ തന്നെ ശുദ്ധരൂപനായി ശക്തിമഹാചക്രത്തിന്റെ നായക പദത്തിൽ സ്ഥിതി ചെയ്യുന്നു.

എന്നിൽത്തന്നെയാണ് ഈ സകലവിശ്വവും നിർമ്മലമായ കണ്ണാടി യിൽ കുടം തുടങ്ങിയവയെപ്പോലെ പ്രകാശിക്കുന്നത്. ഉറങ്ങുന്നവൻ സ്വപ്ന ത്തിൽക്കാണുന്ന വിചിത്രദൃശ്യങ്ങളെപ്പോലെ എന്നിൽ നിന്നാണ് ഈ ജഗത്തു മുഴുവൻ പ്രസരിക്കുന്നത്.

കരചരണാദിസ്വഭാവമുള്ള ദേഹത്തെപ്പോലെ ഞാൻ വിശ്വമാകുന്ന രൂ പത്തോടു കൂടി ഭാവങ്ങളിൽ പ്രകാശരൂപം പോലെ എല്ലാത്തിലും ഞാൻ തന്നെ സ്ഫുരിപ്പിക്കപ്പെടുന്നു.

ദേഹേന്ദ്രിയങ്ങളോടു കൂടാത്തതാണെങ്കിലും കാണുന്നവൻ, കേൾക്കുന്ന വൻ, മണക്കുന്നവൻ, എന്നിങ്ങനെ നില നില്ക്കുകയും കർത്താവല്ലാത്തതാ ണെങ്കിലും സിദ്ധാന്തം ആഗമം എന്നിവയെ ഞാൻ തന്നെ രചിക്കുകയും ചെ യ്യുന്നു.

**വിവൃതിഃ**- ഇതി വ്യാഖ്യാതേന പ്രകാരേണ ചിദാദിശക്തിപഞ്ചകാക്ഷി പ്തോऽനന്തോ യഃ ശക്തിസമൂഹസ്തദേവ **യന്ത്രം ക്രീഡായോഗേന വാഹയൻ** അരഘട്ടഘടീയന്ത്രന്യായേന സൃഷ്ട്യാദ്യുന്മജ്ജനനിമജ്ജനഹേലാക്രമേണ വിപരിവർത്തയന്നഹമേവേതി **ദേവഃ** സർവ്വപ്രാണിനാം അഹം ഇത്യനാഹ തോ നാദാത്മാ പരാഹന്തചമത്കാരസാരഃ സ്വാത്മപരാമർശഃ സ ഏവ സർ വ്വസ്യാനപഹ്നവനീയോऽയം സ്വാത്മൈവ ദേവഃ ക്രീഡനശീലഃ സ്ഫുരതീതി. അനേന സ്വസ്വരൂപനിഷ്ഠഃ ഏവ ശിവ ഇതി പ്രതിപാദിതം.തഥാ ശുദ്ധരൂപ ഇതി കല്പനാതിക്രാന്തഗോചരഃ. അന്യച്ച **ശക്തീനാം** കരണദേവതാനാം വി ഷയാഹരണത്യാഗാദിവ്യവഹാരസ്വാതന്ത്ര്യദാതൃ യത് **മഹാചക്രനായകപ ദം** തത്ര തിഷ്ഠതി **തത്സ്ഥഃ.** യതഃ കതണശക്തീനാം ചൈതന്യവിശ്രാന്തിം വിനാ സ്വരൂപസത്താ ന വിദ്യതേऽതഃ ശക്തിമന്തമേവ സ്വരൂപാസാദനായാ നവരതം ഭജന്ത ഇത്യനേന സർവ്വപ്രമാതൃഹൃദയാധിഷ്ഠാതൃത്ത്വാദ്ഭഗവതോ നിയതഭുവനാധിഷ്ഠാതൃത്ത്വം പരിഹൃതം.തഥാ യദിദം കിഞ്ചിദ്വിശ്വതയാഭിമതം

തത്സർവ്വമാദർശപ്രതിബിംബന്യായേന **മയ്യേവ ഭാതി** വ്യാഖ്യാതരൂപാസ്മദർത്ഥവിശ്രാന്തമേവാവഭാസതേ ഽഹന്താസാരമേവ സ്ഫുരതീതി യാവത്. തഥാ മത്തഃ ഇതി പൂർണ്ണാദഹമിതി രൂപാത്സ്വാത്മനഃ സകലം നിഃശേഷമിദം വിശ്വം **പ്രസരതി** പ്രമാതൃപേക്ഷയാ ഽപഹൃതതയാ സ്ഫുരതി. കഥമിത്യാഹ **സ്വപ്നവിചിത്രത്ത്വമിവ സുപ്താത്** ഇതി യഥാ നിദ്രിതാത് പ്രമാതുഃ സ്വപ്നാവസ്ഥായാം ബാഹ്യപദാർത്ഥാഭാവേ ഽപി പുരപ്രകാരദേവഗൃഹാദി നാനാശ്ചര്യം സ്വപ്നപദാർത്ഥവൈചിത്ര്യമവിദ്യാദിപരികല്പിത കാരണാന്തരഭാവാത്സ്വസംവിദുപാദാനമേവ പ്രസരതി തഥൈവ തീർത്ഥാന്തരനിയമിതകാരണാന്തരാനുപപത്തേരനവച്ഛിന്നചിദാനന്ദൈകഘനാദഹമിതി രൂപാദ്വിശ്വമിതി.തഥാ അഹമേവ വിശ്വരൂപഃ ഇത്യാദി. അഹമിത്യേവ യഃ പൂർണ്ണശ്ചൈതന്യപരാമർശ ഏഷ ഏവാസ്മി നാനാദേഹാദിപ്രമാതൃപാസമാപന്നോ വിശ്വരൂപ ആഗോപാലബാലാംഗനാദിഷ്വന്തരഭേദേന സ്ഫുരണാദ്വിശ്വാനി മമൈവ രൂപാണീതി യാവത്. ക ഇവ കരചരണാദിസ്വഭാവോ ദേഹ ഇവ യഥാ സാമാന്യേന സർവ്വേഷാമേകോ ദേഹഃ കരചരണാദിസ്വഭാവഃ പ്രതിപ്രമാതൃസ്വാലക്ഷണ്യേന നാനാരൂപസ്തഥൈവൈകശ്ചൈതന്യലക്ഷണഃ പദാർത്ഥഃ സർവ്വാവസത്ത്വാദ്വിശ്വരൂപ ഇതി. തഥാ സർവ്വസ്മിൻ പ്രമാണപ്രമാതൃപ്രമേയരൂപേ ഽസ്മിൻ അഹമേവ സ്ഫുരാമി സർവ്വസ്യ സ്വാത്മാനുഭവിതൃത്ത്വേന പ്രകാശനാത്. കഥം ഭാവേഷു ഭാസ്വരൂപമിവ ഇതി യഥാ നാനാവസ്തുഷു ഭാസ്വരൂപം അതിശയേന ദ്യോതനശീലം വസ്തു ദേദീപ്യതേ തഥൈവ ജഡേ ഽസ്മിഞ്ജഗത്യേകശ്ചിദ്രൂപോ ഽഹമിതി. അതശ്ച ദ്രഷ്ടാ ഇത്യാദി ദേഹേന്ദ്രിയവർജ്ജിതോ ഽപി ചിന്മൂർത്തത്ത്വാദഹമേവ പശ്യാമി ശൃണോമി ജിഘ്രാമി രസയാമി സ്പൃശാമീതി സർവ്വത്ര പൂർണ്ണാഹന്താവിശ്രാന്തേഃ കൃതകൃത്യതാ. ദേഹേന്ദ്രിയവർഗ്ഗോ ഹി പശ്യാമീത്യാദി മന്യതേ പരം സ്വാപാദ്യവസ്ഥാസു ദ്രഷ്ടത്ത്വാദ്യഭാവാത്തസ്മാദ്ദേഹേന്ദ്രിയാദിവർഗ്ഗസമുല്ലാസകസ്തദ്വർജ്ജിതോ ഽപി ചിദാനന്ദൈകഘനഃ സർവ്വഭൂതഹൃദയാന്തരചാരീവിഷയോപഭോഗഭോക്താസ്മച്ഛബ്ദവാച്യഃ പരഃ പുരുഷഃ ഏവ. തഥാ ച ശ്രുതിഃ-

അപാണിപാദോജവനോഗ്രഹീതാപശ്യത്യചക്ഷുഃസശൃണോത്യകർണ്ണഃ.

സ വേത്തി വേദ്യം ന ച തസ്യാസ്തി വേത്താ തമാഹുരഗ്ര്യം പുരുഷം മഹാന്തം. ഇതി.

തഥാകർത്താപി സിദ്ധാന്താഗമ ഇത്യാദി സ്വയമവിധാതാപി ദേവമുനിമനുഷ്യാദ്യാശയാവിഷ്ടഃ സംക്ഷേപവിശ്രാന്തവിവക്ഷയാന്തഃ പ്രതിഭാസ്വരൂപോ ഽഹം സിദ്ധാന്താദീന്നാനാശ്ചര്യാൻ കരോമി ന പുനർജ്ജഡാനാം ലോഷ്ടസ്ഥാനീയാനാം ദേഹേന്ദ്രിയാണാം തത്കരണം ശക്യമിതി തത്തദ്വ്യവധാനേനാഹമേവ സർവ്വപ്രമാണനിർമ്മാതേതി. അനേന പരാഹന്താസ്വരൂപസ്യ സ്വാത്മമഹേശ്വരസ്യ സത്തായാം ന പ്രമാണോപയോഗ ഉപ

പദ്യത ഉപയുജ്യതേ വേത്യുക്തം സ്യാത്.ഏവമനപഹ്നവനീയഃ അഹം ഇത്യേവ മനുഭവിതൃതയാ സർവ്വേഷാം സ്വാത്മൈവ ശിവഃ സർവ്വത്രാവസ്ഥിതഃ സർവ്വപ്രമാണേഷ്വാദിസിദ്ധ ഇതി.

**പരിഭാഷ**- മുൻപു വ്യാഖ്യാനിച്ച പ്രകാരം ചിത്, ആനന്ദം തുടങ്ങിയ അഞ്ചു ശക്തികളോട്ടു കൂടിയ ശക്തിസമൂഹം തന്നെയാണ് യന്ത്രമെന്നത്. ആ യന്ത്രത്തിന്റെ സഹായം കൊണ്ട് ആഴമുള്ള കിണറിൽ നിന്നും വെള്ളം കോരുമ്പോൾ പാത്രം മുക്കിയും പൊക്കിയും ക്രീഡിക്കുന്നപോലെ സൃഷ്ടി സംഹാരം എന്നിവ ഒരു ക്രീഡയായി ചെയ്യുന്ന ആ "ഞാൻ തന്നെയാണ് ദേവൻ", എന്നു വച്ചാൽ എല്ലാ പ്രാണികളിലും "ഞാൻ" എന്ന അനാഹതനാദ മായിരിക്കുന്ന ആത്മപരാമർശമാകുന്നു. അതിന്റെ സാരമെന്നത് പരമമായ അഹങ്കാരചമത്കാരത്തിന്റെ സാരമാകുന്നു. അത് എല്ലാത്തിലും രഹസ്യമാ കാതെ തന്നെ ഇരിക്കുന്ന ക്രീഡനശീലനായ ദേവനാകുന്നു. എന്നു വച്ചാൽ തന്റെ തന്നെ സ്വരൂപത്തിൽ നിഷ്ഠനായിരിക്കുന്നവനാണ് ശിവനെന്നർത്ഥം. അത് ശുദ്ധരൂപവും കല്പനകളിൽ നിന്നും അതീതമായതുമാണ്. ശക്തികളു ടെ അതായത് ഇന്ദ്രിയദേവതകൾക്ക് വിഷയാഹരണം, ത്യാഗം എന്നിവക്ക് സ്വാതന്ത്ര്യം നൽകാൻ ശക്തിയുള്ള ശക്തിചക്രനായകപദത്തിൽ സ്ഥിതമാ യതുമാണ് അത്. ഇന്ദ്രിയശക്തികൾക്ക് ആ പരമമായ ചൈതന്യത്തിൽ വി ശ്രാന്തി ഇല്ലാതെ സ്വരൂപത്തിന് നിലനില്പില്ല എന്നുള്ളതു കൊണ്ട് അവ സ്വ രൂപപ്രാപ്തിക്കായിക്കൊണ്ട് ശക്തിമാനായ ആ പരമമായതിനെ തന്നെ ആശ്രയിക്കുന്നു. ഈശ്വരൻ എല്ലാ പ്രമാതാക്കളുടെയും ഹൃദയത്തിൽ നിലനി ല്ക്കുന്നുവെന്നതിനാൽ നിയതമായ ഭുവനങ്ങളിൽ വസിക്കുന്നുവെന്നതാകു ന്ന വാദം ശരിയല്ലാതായിത്തീരുന്നു.

എന്തെല്ലാം വിശ്വമെന്ന പേരിൽ അറിയപ്പെടുന്നുവോ അതെല്ലാം ദർപ്പ ണത്തിലെ പ്രതിബിംബം പോലെ എന്നിൽ തന്നെ പ്രകാശിക്കുന്നു. മുൻപേ പറഞ്ഞ എന്നിൽത്തന്നെ വിശ്രാന്തമായി വിശ്വം പ്രകാശിക്കുന്നു. ഞാനെന്ന അഹന്താസാരത്തിന്റെ ഭാവമായി വർത്തിക്കുന്നുവെന്നർത്ഥം. അതിനാൽ "എന്നിൽ നിന്നും" അഥവാ പൂർണ്ണാഹങ്കാരത്തിൽ നിന്നും എല്ലാ വിശ്വവും പ്ര സരിക്കുന്നു, എന്നു വച്ചാൽ പ്രമാതാവിൽ നിന്നും വേറെയായി കാണപ്പെട്ടു ന്നു. അതെപ്രകാരമാണെന്നു പറയുന്നു. ഉറങ്ങുന്നവൻ വിചിത്രമായ സ്വപ്ന ങ്ങൾ കാണുന്ന പോലെ. ഉറങ്ങുന്ന ഒരാൾക്ക് സ്വപ്നാവസ്ഥയിൽ പുറമെയുള്ള വസ്തുക്കളുടെ അഭാവത്തിലും നഗരം, ചുവരുകൾ, മന്ദിരങ്ങൾ തുടങ്ങിയ വൈവിദ്ധ്യമാർന്ന സ്വപ്നത്തിലെ പദാർത്ഥങ്ങൾ അവിദ്യ തുടങ്ങിയ കാരണ ങ്ങളാൽ പരികല്പിതമായി വേറൊരു കാരണത്തിന്റെ അഭാവത്തിൽത്തന്നെ സ്വചൈതന്യം കാരണമായി അറിയപ്പെടുന്നത് അതു പോലെ വേറെ സിദ്ധാ ന്തങ്ങളുടെ നിയമങ്ങൾ കൂടാതെ വേറെ കാരണങ്ങളെക്കൊണ്ടു

യുക്തിയുക്തമല്ലാതെ തന്നെ നിരുപാധികവും ചിദാനന്ദൈകഘനവുമായിരിക്കുന്ന ഞാനെന്ന രൂപത്തിൽ നിന്നാണ് വിശ്വം പ്രസരിക്കുന്നത്.

തുടർന്ന് ഞാൻ തന്നെയാണ് വിശ്വരൂപം എന്നിങ്ങനെ പറഞ്ഞതിനെ വിശദീകരിക്കുന്നു. അഹമെന്ന രീതിയിൽ പൂർണ്ണചൈതന്യമായ വിമർശമാണ് ഞാനെന്ന ഭാവമായി നാനാ പ്രമാതാക്കളായി വിശ്വരൂപമായിത്തീരുന്നത്. അതു തന്നെ ഗോപാലൻ, ബാലൻ, അംഗനമാർ എന്നിങ്ങനെയിള്ളവരുടെ അകത്ത് അഭിന്നമായി പ്രകാശിക്കുന്നതു കൊണ്ട് വിശ്വമെന്നത് എന്റെ തന്നെ രൂപമാകുന്നു. ഏതു പോലെ? കരചരണാദിയായുള്ള ദേഹത്തെപ്പോലെ. ഏതു പോലെയാണോ സാമാന്യമായി എല്ലാവർക്കും ഒരു ദേഹം, ഒരു കൈ, കാൽ, എന്നിവയായിരിക്കുമ്പോഴും പ്രത്യേകം പ്രമാതാക്കൾക്ക് അനേകരൂപമായിരിക്കുന്നത്, അതു പോലെ ചൈതന്യസ്വരൂപമായിരിക്കുന്ന പ്രമാതാവ് സകലവസ്തുക്കളുടെയും നിവാസസ്ഥാനമായതു കൊണ്ട് വിശ്വരൂപമാകുന്നു. അതിനാൽ പ്രമാണം,പ്രമേയം പ്രമാതാവ് തുടങ്ങി എല്ലാത്തിലും ഈ ഞാൻ തന്നെ സ്ഫുരിക്കുന്നു, കാരണം എല്ലാത്തിലും ആത്മസ്വരൂപമായി അനുഭവിതാവായി ഞാൻ തന്നെ പ്രകാശിക്കുന്നു. ഏതു പോലെയാണെന്നു വച്ചാൽ പ്രകാശിക്കുന്ന വസ്തുക്കളിൽ പ്രകാശം പോലെ.അനേകം വസ്തുക്കളിൽ അത്യന്തം പ്രകാശിക്കുന്ന വസ്തു കാണപ്പെടുന്ന പോലെ ജഡമായ ജഗത്തിൽ ഞാൻ തന്നെ ചൈതന്യസ്വരൂപനായി വർത്തിക്കുന്നു.

അനന്തരം ദ്രഷ്ടാവ് തുടങ്ങിയതിനെക്കുറിച്ചു പറയുന്നു. ദേഹം ഇന്ദ്രിയം എന്നിവക്കതീതനായിട്ടും ചിന്മൂർത്തിയായതിനാൽ ഞാൻ തന്നെ കാണുകയും കേൾക്കുകയും, മണക്കുകയും, രുചിക്കുകയും, സ്പർശിക്കുകയും ചെയ്യുന്നു. അങ്ങനെ പൂർണ്ണാഹന്താചമത്കാരത്തിൽത്തന്നെയാകുന്നു വിശ്രാന്തി. ദേഹേന്ദ്രിയങ്ങൾ കാണുന്നുവെന്ന് അറിയുന്നുവെങ്കിലും സ്വപ്നം തുടങ്ങിയ അവസ്ഥകളിൽ ദ്രഷ്ടാവില്ല. അതിനാൽ ദേഹേന്ദ്രിയാദികളെ സൃഷ്ടിക്കുന്നവൻ ഇതിന്നതീതമായിട്ടു കൂടി ചിത്, ആനന്ദം എന്നിവയോടു കൂടി, എല്ലാ ഭൂതങ്ങളുടെയും ഹൃദയമദ്ധ്യത്തിൽ ചരിക്കുന്നവനായി വിഷയങ്ങളെ ഭോഗിക്കുന്നതിൽ സക്തനായി അസ്മച്ഛബ്ദം കൊണ്ടു പറയപ്പെടുന്ന പരമപുരുഷൻ തന്നെയാകുന്നു. ശ്രുതിവചനം ഇങ്ങനെ-

കൈകാലുകളോടു കൂടാത്തവനാണെങ്കിലും ഗ്രഹിക്കുന്നവനാകുന്നു. കണ്ണോടു കൂടാത്തവനായിട്ടും കാണുന്നു, കാതില്ലാത്തവനായിട്ടും കേൾക്കുന്നു. അത് അറിയേണ്ടതിനെ അറിയുന്നു, എന്നാൽ അതിനെ ആരും അറിയുന്നില്ല. ആ പുരുഷനെയാണ് ആദ്യത്തേതായും മഹാനായും കണക്കാക്കപ്പെടുന്നത്. (ശ്വേതാശ്വതരോപനിഷദ്).

കർത്താവാകാതെ കൂടി സിദ്ധാന്തം ആഗമം തുടങ്ങിയവയെ സൃഷ്ടിക്കുന്നവനാകുന്നു, സ്വയം അവിധാതാവായിട്ടു കൂടി ദേവമുനിമനുഷ്യന്മാ

രിൽ ആവേശിച്ചിരിക്കുന്നു. സംക്ഷേപത്താലും വിസ്താരത്താലും പറയുവാനുള്ള ഇച്ഛക്കനുസരിച്ച് സിദ്ധാന്തം തുടങ്ങിയ നിരവധി ആശ്ചര്യങ്ങളെ നിർമ്മിക്കുന്നു. മൺകട്ടയോടു സമാനമായ ജഡമായ ദേഹം ഇന്ദ്രിയം എന്നിവയാൽ അവ നിർമ്മിക്കുവാൻ അസാദ്ധ്യമാകുന്നു. അതിനാൽ വിവിധ മാദ്ധ്യമങ്ങളാൽ ഞാൻ തന്നെയാണ് അതിന്റെ നിർമ്മാതാവാകുന്നത്. പരാഹന്താസ്വരൂപനായ സ്വാത്മമഹേശ്വരന്റെ നിലനില്പിന് പ്രമാണങ്ങളുടെ ഉപയോഗമില്ല എന്നത് സിദ്ധമാകുന്നു. ഇപ്രകാരം മറക്കാൻ സാധിക്കാത്തവനായ ഞാൻ അനുഭവിതാവായി എല്ലാവരുടെയും ആത്മസ്വരൂപമായി എല്ലായിടത്തും നിലനില്ക്കുന്നവനായിരിക്കുന്നു. എല്ലാ പ്രമാണങ്ങളിലും ആദിസിദ്ധനുമായിരിക്കുന്നു.

(തുടരും)

**ശ്രീ ജഗദ്ധരഭട്ട വിരചിതം**

# സ്തുതികുസുമാഞ്ജലി (14)

**ഡോ. മുരളീകൃഷ്ണൻ എം.വി.**

(കഴിഞ്ഞ ലക്കം തുടർച്ച)

## സപ്തമസ്തോത്രം

(ഏഴാം സ്തോത്രം)

സേവാഭിനന്ദനം

സ്തുതി- 1

**നിശാന്തനിദ്രേവ ദശേവ ശൈശവീ നവീനവധ്വാശ്ചകിതേവ ദൃക്ഛടാ**
**സുരസ്രവന്തീവ കഥേവ ശാംഭവീ കവീന്ദ്രവാങ് നിർവൃതിമാതനോതു**

**അർത്ഥം**- രാവിലത്തെ ഉറക്കത്തിനു സമാനമായതും, ബാല്യകാലത്തിനു സമാനമായതും, നവവധുവിന്റെ വിറയ്ക്കുന്ന കണ്ണുകൾക്കു സമാനമായതും ഗംഗയ്ക്കു സമാനമായതുമായ ഭഗവാൻ ശിവന്റെ കഥയ്ക്കു സമാനമായി പരമമായ ആനന്ദത്തെ പ്രദാനം ചെയ്യുന്ന മഹാകവികളുടെ വാണി നിങ്ങൾക്ക് പരമമായ മോക്ഷത്തെ പ്രദാനം ചെയ്യട്ടെ.

സ്തുതി- 2

**അലൗകികാഹ്ളാദനിബന്ധനം മനഃപ്രസാദനം സ്വാനുഭവൈക**

**സാക്ഷികം**

**പ്രകാശതാം വോ ഹൃദി പാരമേശ്വരം മഹോ രഹസ്യം സുകവേർഗിരാമിവ**

**അർത്ഥം**- എപ്രകാരമാണോ അപൂർവമായ ആനന്ദത്തെ നൽകുന്നതും മനസ്സിനെ പ്രസന്നമാക്കുന്നതും സ്വന്തം അനുഭവംകൊണ്ട് അറിയാൻ സാധിക്കുന്നതുമായ സത്കവികളുടെ വാക്കുകളുടെ രഹസ്യം സഹൃദയരുടെ ഹൃദയത്തെ പ്രകാശിപ്പിക്കുന്നത്, അപ്രകാരം അലൗകികമായ ആനന്ദത്തെ പ്രദാനം ചെയ്യുന്നതും മായയുടെ ആവരണത്തെ ഇല്ലാതാക്കി മനസ്സിനെ അതീവ പ്രസന്നമാക്കുന്നതും കേവലം സ്വന്തം അനുഭവത്തിൽ അറിയാൻ സാധിക്കുന്നതുമായ പരമേശ്വരന്റെ ആ സത്-ചിത് ആനന്ദരൂപമായ തേജസ്സ് നിങ്ങളുടെ ഹൃദയത്തിൽ പ്രകാശിക്കട്ടെ.

**സ്തുതി- 3**

**സ യസ്യ ചാപാത്സപദി ച്യുതോച്യുതഃ ശിഖാഭിരുഗ്രോ വിശിഖഃ ശിഖാവതഃ**
**പുരാണ്യകാർഷീദപുരാണി ഭൈരവോ ഭയാനി ഭിന്ദ്യാദഭവോ ഭവഃ സ വഃ**

**അർത്ഥം**- ആരുടെ ധനുസ്സിനാൽ എയ്യപ്പെട്ട വിഷ്ണുരൂപിയായ ബാണം അഗ്നിയുടെ പ്രചണ്ഡമായ ജ്വാലയാൽ കത്തിക്കപ്പെട്ട് മൂന്ന ലോകങ്ങളേയും ഭസ്മമാക്കിയത്, ആ ദുർജനങ്ങൾക്ക് ഭയത്തെ നൽകുന്ന അനാദിയായ ശിവൻ നിങ്ങളുടെ എല്ലാ ഭയത്തേയും ഇല്ലാതാക്കട്ടെ.

**സ്തുതി- 4**

**സ യസ്യ പൃഷ്ഠേ ചരണാർപണം വൃഷാ വൃഷാധിരോഹേ കലയത്യനുഗ്രഹം**
**ത്രിലോകനാഥഃ സ ഗിരാ സുധാവൃഷാ വൃഷാകപിസ്താപമപാകരോതു വഃ**

**അർത്ഥം**- കാളപ്പുറത്ത് കയറുന്ന സമയത്ത് ദേവന്മാരുടെ രാജാവായ ഇന്ദ്രൻ സ്വന്തം പീഠത്തിൽ ആരുടെ പാദവിന്യാസമാണോ തനിയ്ക്ക് കിട്ടിയ മഹത്തായ അനുഗ്രഹമായി കണക്കാക്കുന്നത്, ആ ത്രിലോകീനാഥനായ വൃഷഭധ്വജനായ ശിവൻ അമൃതവർഷത്തെ ചെയ്തുകൊണ്ട് സ്വന്തം ദിവ്യമാകുന്ന വാക്കുകളാൽ നിങ്ങളുടെ ദുഃഖങ്ങളെ ദൂരീകരിക്കട്ടെ.

**സ്തുതി- 5**

**സ യസ്യ പാദദ്വയമിദ്ധശാസനഃ സദാ സമഭ്യർചതി പാകശാസനഃ**
**പ്രഭുഃ പ്രസാദാമലയാ ദൃശാ സ നഃ ക്രിയാദ്വിപദ്ഭങ്ഗമനങ്ഗശാസനഃ**

**അർത്ഥം**- വലിയ വലിയ ഉപദേശങ്ങൾ നൽകുന്നവനായ ആ ഇന്ദ്രൻ ഏത് പ്രഭുവിന്റെ രണ്ട് പാദകമലങ്ങളേയാണോ എപ്പോഴും പൂജിക്കുന്നത്, അങ്ങനെയുള്ള കാമദേവനെ ഭസ്മമാക്കിയ ശങ്കരന്റെ പ്രസന്നതകൊണ്ട് നിർമലമായ ദൃഷ്ടി നമ്മുടെ വിപത്തുകളെ നശിപ്പിക്കട്ടെ.

**സ്തുതി- 6**

**ചമൂർജയൻഭീജനകാനകാ ന കാഃ സ യസ്യ സൂനുഃ ക്ലമഹാ മഹാമഹാഃ ജടാഃ സ ബിഭ്രത്തരുണാരുണാരുണാഃ ശ്രിയഃ ക്രിയാദ്വഃ ശുഭയാഭയാഭയാഃ**

**അർത്ഥം**- മറ്റുള്ള സേനകൾക്ക് ഭയത്തെ ഉണ്ടാക്കുന്ന ഭേരികളോടുകൂടിയ മഹാബലവാന്മാരായ അസുരന്മാരുടെ പ്രത്യേക സേനയെ ജയിച്ച ആ സ്വാമി കാർത്തികേയൻ ആരുടെ പുത്രനാണോ, ഭക്തരുടെ സമസ്ത ദുഃഖങ്ങളേയും ഇല്ലാതാക്കുന്നവനും, മഹാതേജസ്വിയും രാവിലത്തെ സൂര്യനു സമാനമായ ചുവന്ന നിറത്തോടു കൂടിയവനും ജടാധാരിയും ദിവ്യങ്ങളായ പ്രകാശത്തോടു കൂടിയവനുമായ ആ ഭഗവാൻ സദാശിവൻ നിങ്ങൾക്ക് അക്ഷയമായ ലക്ഷ്മിയെ പ്രദാനം ചെയ്യട്ടെ.

സ്തുതി- 7

**മയി ധ്രുവം ദൃഗ്ഭവതാ ബതാവതാ കൃപാമൃതാർദ്രാ മഹിതാ ഹിതാഹിതാ അതസ്ത്വവാസ്ത്വപ്രമയാമയാ മയാ കൃതാ നുതിഃ സാതിശയാശയാശയാ**

**അർത്ഥം**- അല്ലയോ ഭഗവാൻ ശരണാഗതർക്ക് എല്ലാ പ്രകാരത്തിലുമുള്ള രക്ഷയെ ചെയ്യുന്ന അങ്ങ് ദയാസാഗരത്തിൽ കൃപാരൂപിയായ അമൃതിനെപ്പോലെ ആർദ്രമായതും പരമമായി പൂജിക്കപ്പെടേണ്ടതും അതുപോലെ അമ്മയ്ക്കു സമാനമായി ഇഷ്ടമുള്ളതിനെ നൽകുന്നതുമായ അങ്ങയുടെ കരുണാപൂർണമായ ദൃഷ്ടി എന്നിൽ ആവശ്യം പോലെ പതിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് ഞാൻ എന്റെ ഈ ദയാദാക്ഷിണ്യാദി സദ്ഗുണസമ്പന്നമായ മനസ്സിൽ അങ്ങയെ ദർശിച്ചതുകൊണ്ടുണ്ടായ ആശ്വാസത്തിൽ മരണം, രോഗം ഇവകളെ ഇല്ലാതാക്കുന്ന അങ്ങയുടെ സ്തുതികളെ രചിയ്ക്കുന്നത്.

സ്തുതി- 8

**അനഭ്രവർഷപ്രതിമം വിമത്സരാ നരാ ജരാരുങ്മരണാർതിഭീരവഃ മുധാ സുധാസൂതിവതംസശംസനം വിഹായ ധാവന്തി രസായനായ കിം**

**അർത്ഥം**- ഹാ! അസൂയകൾ ഇല്ലാത്തതും, ഭക്തരുടെ വൃദ്ധാവസ്ഥയേയും വിവിധ വ്യാധികളേയും മരണമെന്ന ദുഃഖത്തിൽ നിന്നുള്ള ഭയത്തെ ഇല്ലാതാക്കുന്നതും, കാർമേഘങ്ങളുടെ മഴയ്ക്കു സമാനമായതും, അപ്രതീക്ഷിതമായി ഭഗവാൻ ചന്ദ്രശേഖരന്റെ അനുഗ്രഹത്തെ പ്രാപ്തമാക്കിത്തരുന്ന സ്തുതികളെ (ആരാധനയെ) വെടിഞ്ഞ് മറ്റു രസായനത്തെ തിരഞ്ഞുകൊണ്ട് വ്യർത്ഥമായി ഓടുന്നതെന്തിനാണ്?

സ്തുതി- 9

**മണിഃ സുസൂക്ഷ്മോപി യഥോൽബണം വിഷം കൃശോപി വഹ്നിഃ**

**സുമഹദ്യഥാതൃണം**

**ശിശുർമൃഗേന്ദ്രോപി യഥാ ഗജവ്രജം തനുഃ പ്രദീപോപി യഥാ തമോഭരം**

സ്തുതി- 10

**യഥാൽപമപ്യൗഷധമുന്മദം ഗദം യഥാമൃതം സ്തോകമപി ക്ഷയാദ്ഭയം ധ്രുവം തഥൈവാണുരപി സ്തവഃ പ്രഭോഃ ക്ഷണാദഘം ദീർഘമപി വ്യപോഹതി**

**അർത്ഥം-** എപ്രകാരമാണോ അത്യന്തം സൂക്ഷ്മമായ ഗാരുഡമണി തീവ്രമായ വിഷത്തെപോലും ക്ഷണത്തിൽ ഇല്ലാതാക്കുന്നത്, അതുപോലെ അഗ്നിയുടെ ഒരു ചെറിയ കണം പോലും പുൽക്കാടിനെ നിമിഷനേരം കൊണ്ട് ഇല്ലാതാക്കുന്നത്, അതുപോലെ എപ്രകാരമാണോ ഒരു സിംഹക്കുട്ടി ആനകളുടെ കൂട്ടത്തെ പോലും ഒടിക്കുന്നത്, എപ്രകാരമാണോ അത്യന്തം സൂക്ഷ്മമായ ഒരു ദീപം കഠിനമായ അന്ധകാരത്തെ ഇല്ലാതാക്കുന്നത്, അതുപോലെ എപ്രകാരമാണോ മഹാ ഔഷധത്തിന്റെ ഒരു തുള്ളി ഉഗ്രമായ രോഗത്തെപ്പോലും ശമിപ്പിക്കുന്നത്, എപ്രകാരമാണോ അമൃതിന്റെ ഒരു കണിക മരണത്തെപ്പോലും ദൂരെയകറ്റുന്നത്, അപ്രകാരം ഒന്നോ അതോ പകുതിയോ ആയിട്ടുള്ള സ്തുതി കൊണ്ടുള്ള ഈശ്വരാരാധന (ഏതു ഭാഷയിലുള്ളതായാലും) ജന്മജന്മാന്തരങ്ങളായ പാപങ്ങളെ ശീഘ്രം ഇല്ലാതാക്കുന്നു.

സ്തുതി- 11

**അമന്ദസന്ദർഭഗഭീരവിഭ്രമഃ പ്രഗൽഭവൈദർഭപരിശ്രമഃ ക്രമഃ**

**അവശ്യമാസാദ്യ ഗുണോചിതം വിഭും ബിഭർതി സൗഭാഗ്യമഭങ്ഗുരം ഗിരഃ**

**അർത്ഥം-** ധന്യരായ കവികൾ അവരുടെ മഹത്തായ സന്ദർഭത്തിൽ (ഗ്രന്ഥരചനാ വേളയിൽ) അതിഗംഭീരവും ബുദ്ധിമാന്മാരായ സഹൃദയർക്ക് മനസ്സിലാക്കാൻ സാധിക്കുന്നതും ഉല്ലാസപൂർണവും അതിസുന്ദരവും വൈദർഭീ രചനയിൽ സമ്പന്നമായ വാക്യക്രമത്തോടുകൂടിയ എത് കാവ്യമാണോ രചിക്കുന്നത്, അവ ദീനജനങ്ങൾക്ക് അനുഗ്രഹവും സംസാരസാഗരത്തെ തരണം ചെയ്യുന്നതിനും മുതലായ അനേകം ഗുണങ്ങളാൽ പരിപൂർണവും പരമേശ്വരനിലേക്ക് എത്താൻ ആവശ്യമായ എല്ലാ സൗഭാഗ്യത്തേയും ധരിച്ചിരിക്കുന്നവയാണ്.

സ്തുതി- 12

**യഥാ ഹി ശീലേന വിനാ കുലാങ്ഗനാ യഥാ വിവേകേന വിനാ മനീഷിതാ സദർത്ഥബോധേന വിനാ യഥാ ശ്രുതിർമഹീഭുജങ്ഗേന വിനാ യഥാ മഹീ**

സ്തുതി- 13

**യഥാ വിനാ ദ്യൗരരവിന്ദബന്ധുനാ വിനാ ശശാങ്കേന യഥാ നിശീഥിനീ**
**വിദഗ്ധവർഗേണ വിനാ യഥാ സഭാ വിനാ വിഭൂതിർവിനയേന വാ യഥാ**

സ്തുതി- 14

**കൃപാവിവേകേന വിനാ യഥാ മതിർയഥാ സുപുത്രേണ വിനാ ഗൃഹസ്ഥിതിഃ**
**തഥൈവ ശോച്യാ ഹരിണാങ്കശേഖരസ്തവോപയോഗേന വിനാ സരസ്വതീ**

**അർത്ഥം**- എപ്രകാരമാണോ ആചാരങ്ങൾ ഇല്ലാതെ കുലസ്ത്രീ ശോചനീയമാകുന്നത്, എപ്രകാരമാണോ വിവേകമില്ലാതെ വിദ്വാന്മാർ ശോചനീയമാകുന്നത്, എപ്രകാരമാണോ അർത്ഥബോധമില്ലാതെ കേൾക്കുന്നത് വ്യർത്ഥമാകുന്നത്, എപ്രകാരമാണോ രാജാവില്ലാതെ ഭൂമി ശോഷിക്കുന്നത്, എപ്രകാരമാണോ സൂര്യനില്ലാതെ ആകാശവും, ചന്ദ്രൻ ഇല്ലാതെ രാത്രിയും നിരർത്ഥകമാകുന്നത്, എപ്രകാരമാണോ വിദ്വാനമാരില്ലാത്ത സഭാ ശോഭിക്കാത്തത്, എപ്രകാരമാണോ വിനയമില്ലാതെ ഐശ്വര്യം നിന്ദ്യമാകുന്നത്, എപ്രകാരമാണോ പരോപകാരം ഇല്ലാതെ ബുദ്ധി ശോചനീയമാകുന്നത്, എപ്രകാരമാണോ സത്പുത്രൻ ഇല്ലാതെ ഗൃഹമര്യാദ ശോചനീയമാകുന്നത്, അപ്രകാരം ഭഗവാൻ സദാശിവന്റെ സ്തുതികൾ എഴുതാത്ത കവികളുടെ വാണി ശോചനീയമാകുന്നു. സാരാംശം എന്തെന്നാൽ അഹങ്കാരികളായ ധനികരേയും അധികാരിവർഗത്തേയും മഹാരാജാക്കന്മാരേയും കുറിച്ചുള്ള നിരർത്ഥകമായ സ്തുതികൾ വെടിഞ്ഞ് പരമേശ്വരസ്തുതികളാൽ തന്റെ വാണിയെ ഉപയോഗപ്പെടുത്തി അദ്ദേഹത്തെ പ്രാപിക്കാൻ പ്രയത്നിക്കണം.

സ്തുതി- 15

**രമാപി ദേവീ മമ നോ മനോരമാ ക്ഷമാപി മാമഭ്യവപത്തുമക്ഷമാ**
**മമ ക്ഷമൈകാ ഭഗവത്പരാ പുനർഭവാർതിഭങ്ഗേ സരസാ സരസ്വതീ**

**അർത്ഥം**- എന്റെ ശാന്തമായ മനസ്സിനാൽ ഇപ്പോൾ ലക്ഷ്മീദേവി ഒട്ടും പ്രിയമുള്ളവളല്ല, അതുപോലെ ക്ഷമാദേവി എന്റെ ഭയങ്ങൾക്ക് ഇപ്പോൾ ആശ്വാസം നൽകുന്നില്ല. എന്തെന്നാൽ എന്റെ ജന്മമരണരൂപിയായ പീഡകൾ ഇല്ലാതാക്കുന്നതിന് കേവലം ഈശ്വരപാരായണവും അത്യന്തം സരസമായ വാണിയും സമർത്ഥമാണെന്ന് അവർക്ക് അറിയാം.

(തുടരും)

# കുട്ടികളുടെ വാല്മീകിരാമായണം  35

ഉണ്ണികൃഷ്ണൻ കിഴുത്താണി ഫോൺ : 0480 2832108

**(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിക്കുന്നു.)**

(കഴിഞ്ഞ ലക്കം തുടർച്ച)

പ്രിയ ശാംഭവി കൂട്ടുകാരേ, ഏറ്റവും പവിത്രമായ രാമായണമാസമെന്ന പുണ്യകാലത്തിലൂടെ കടന്നുപോവുകയാണ് നമ്മൾ. മാനസികവും, ശാരീരികവുമായ അസ്വാസ്ഥ്യങ്ങളെ ഏകാഗ്രചിന്തയിലൂടെ, വ്രതാനുഷ്ഠാനങ്ങളിലൂടെ മറികടക്കാമെന്ന് ഇക്കാലം ഓർമ്മിപ്പിക്കുന്നു. ശ്രീരാമനേയും, സോദരരേയും ഒരേ ദിവസം തന്നെ ദർശനം നടത്തുന്നത് അതീവ ശ്രേയസ്കരമെന്ന് തലമുറകളിലൂടെ മനസ്സിലാക്കിയവരാണ് നമ്മൾ. അതോടൊപ്പംതന്നെ ശാരീരികക്ഷമത നിലനിർത്തുന്നതിനാവശ്യമായ ആയുർവ്വേദ ഔഷധച്ചേരുവകളുടെ പ്രയോഗ പ്രാധാന്യവും ഈ രാമായണമാസം ഊന്നിപ്പറയുന്നു. സീതയുടെ ജല്പനങ്ങൾ സഹിക്കാതെ ലക്ഷ്മണൻ ആശ്രമം വിട്ട ഉടൻ എവിടെനിന്നെന്നറിയാതെ രാവണൻ ഭിക്ഷുവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. കപടവേഷധാരിയെ തിരിച്ചറിയാതെ, പതിവ്രതാരത്നമായ സീതാദേവി, ഭിക്ഷുവിനെ ആതിഥ്യമര്യാദകളോടെ ആദരിച്ചു. സംഭാഷണ ചതുരനായ രാവണൻ സീതയുടെ സൌന്ദര്യാദിസത്ഗുണങ്ങളെ അതിര് കടന്ന് പ്രകീർത്തിച്ചിട്ടും അതിഥിയോടുള്ള കർത്തവ്യം പരിപാലിച്ച്, ചതിയും വഞ്ചനയും തിരിച്ചറിയാത്ത ശ്രീരാമപത്നി താൻ ആരാണെന്നും മറ്റും കപടവേഷധാരിയോട് തുറന്നുപറഞ്ഞു. ഇതിന് മറുപടിയായി ശ്രീരാമചന്ദ്രനേയും, ആ കുലത്തേത്തന്നെയും അധിക്ഷേപിക്കുകയാണ് രാവണൻ ചെയ്തത്. അവഹേളനം അതിരുകടന്നപ്പോൾ, സീത യുക്തമായ മറുപടി നൽകി. ക്ഷുപിതനായ അദ്ദേഹം താൻ രാവണനാണെന്നും, സീതയെ അപഹരിക്കുകയാണ് ഗൂഢലക്ഷ്യമെന്നും, അതിന്റെ ആദ്യപടിയായി ശ്രീരാമലക്ഷ്മണന്മാരെ അകറ്റുകയാണുണ്ടായതെന്നുമറിഞ്ഞപ്പോൾ, നിസ്സഹായയായ, അശരണയായ ഒരു സ്ത്രീക്ക് എന്തുചെയ്യാനാകും, കൂട്ടുകാരേ. സീതയെ രാവണൻ അപഹരിച്ചുകൊണ്ടുപോകുന്നത് പക്ഷിരാജാവായ ജഡായുവിന്റെ ശ്രദ്ധയിൽപ്പെട്ടു. ദശരഥമഹാരാജാവിന്റെ ഏറ്റവും അടുത്തസുഹൃത്തും, വിഷ്ണുഭക്തനുമായ ഈ പക്ഷിശ്രേഷ്ഠൻ അതിബലവാനായ രാവണന്റെ വഴിതടഞ്ഞ് അനീതി ചോദ്യം ചെയ്തു. വയോവൃദ്ധനായ ജഡായു ആദ്യമായി ഉപദേശിച്ച് രാവണനെ ഈ നീജകർമ്മത്തിൽനി

ന്ന് പിൻതിരിപ്പിയ്ക്കാൻ ശ്രമിച്ചു. പക്ഷേ രാക്ഷസരാജാവ് സദുപദേശങ്ങൾ പുഛരിച്ച് തള്ളുകയാണുണ്ടായത്. എന്നിട്ടും പ്രായാധിക്യം പോലും വകവയ്ക്കാതെ ഭക്തശിരോമണിയായ ജഡായു പത്തുതലയും, ഇരുപതുകൈകളുമുള്ള വരബലം ഏറെയുള്ള രാവണനെ തന്റെ അതീവ മൂർച്ചയുള്ള കൊക്കും, നഖങ്ങളുംകൊണ്ട് ആക്രമണം അഴിച്ചുവിട്ടു. രാവണന് ഇത് ഒരു കനത്തവെല്ലുവിളിയായി അനുഭവപ്പെട്ടു. അവസാനം ആ പക്ഷിശ്രേഷ്ഠൻ രാവണന്റെ അതിനിശിതമായ ബാണങ്ങൾക്കുമുമ്പിൽ ചിറകറ്റ്, മരിച്ചു വീണു. ജഡായുവിന്റെ ദേഹവിയോഗം സീതാദേവിയെ അതീവ ദുഃഖിതയാക്കി. അച്ഛനെപ്പോലെ സ്നേഹവാത്സല്യങ്ങൾ വാരിച്ചൊരിഞ്ഞ്, ജീവൻ ബലിയർപ്പിയ്ക്കേണ്ടിവന്ന ജഡായുവിനെ തലോടി സീതാദേവി സ്വർഗ്ഗത്തിലേയ്ക്ക് യാത്രയാക്കിയരംഗം വായിയ്ക്കുമ്പോൾ നമ്മുടെയെല്ലാം കണ്ണുനനയും അല്ലേ കൂട്ടുകാരേ, പിന്നീട് ലങ്കയെ ലക്ഷ്യമാക്കി രാവണന്റെ പുഷ്പകവിമാനം യാത്രതുടർന്നു. യാത്രയ്ക്കിടയിൽ തന്റെ വീരശൂരപരാക്രമങ്ങൾ വിവരിയ്ക്കുകയാണ് ചതിയനായ രാക്ഷസരാജാവ്. ഇതിലൊന്നും ശ്രദ്ധിയ്ക്കാതെ നിസ്സഹായയായ സീതാദേവി, ഒരു പുല്ലിന്റെ സ്ഥാനമാണ് താൻ രാവണന് നൽകിയിരിയ്ക്കുന്നതെന്ന് ഭയരഹിതയായി രാവണന്റെ മുഖത്തുനോക്കിപ്പറഞ്ഞു. തന്റെ ചതുരുപായങ്ങളിൽ മയങ്ങാത്ത, വീണുപോകാത്ത പതിവ്രതാരത്നമാണ് സീതാദേവി എന്ന് മനസ്സിലാക്കിയ രാക്ഷസരാജാവ് ഘോരരൂപികളായ രാക്ഷസികളെ കാവലിന് നിയോഗിച്ചു. ഭീഷണിയോടൊപ്പം രാവണന്റെ മഹത്വങ്ങളും സദാസമയം ദേവിയുടെ ശ്രദ്ധയിൽപ്പെടുത്താനുദ്ദേശിച്ചായിരുന്നു രാക്ഷസരാജാവിന്റെ നീക്കം. അശോകവനികയിൽ സദാ ഭീകര അട്ടഹാസം മുഴക്കുന്ന മായാരൂപിണികളായ രാക്ഷസികളാൽ വലയം ചെയ്ത് മനസ്സും, ശരീരവും മരവിച്ച അവസ്ഥയിലായിത്തീർന്നു ജനകപുത്രി. ഈ അന്തരീക്ഷത്തിൽ ദിവസങ്ങൾ പിന്നിടുമ്പോൾ, ഗത്യന്തരമില്ലാതെ തന്റെ ഇംഗിതങ്ങൾക്ക് സീത വഴങ്ങുമെന്നായിരുന്നു രാവണന്റെ കണക്കുകൂട്ടൽ. സീതാദേവി ആരെന്നും, എന്തുകൊണ്ടാണെന്നും മറ്റുമുള്ള വാസ്തവം രാക്ഷസമനസ്സുകൾക്ക് മനസ്സിലാവുകയില്ലല്ലോ? പച്ചപ്പട്ടുവിരിച്ചപോലുള്ള പുത്തൻകിടക്കകളും, നിത്യവും കായ്ക്കനികൾ നിറഞ്ഞ വൃക്ഷങ്ങളും, കിളികളുടെ കളകൂജനവും, പലവിധത്തിലുള്ള പൂക്കളുടെ നിറകാഴ്ച്ചകളും സമഞ്ജസമായി സമ്മേളിച്ച അശോകവനിക സീതാദേവിയെ സംബന്ധിച്ചിടത്തോളം എന്തുകൊണ്ടും ആശ്വാസം തന്നെയായിരുന്നു. ശ്രീരാമദേവനെക്കുറിച്ചുള്ള ഓർമ്മകളുടെ ശീതളഛായയും, അശോകവനികയിലെ ശീതളഛായയും ഈ സാധ്വിയ്ക്ക് പിരിയാത്ത കൂട്ടുകാരായിപരിണമിച്ചു. ശാംഭവികൂട്ടുകാർക്ക് സന്തോഷവും സംതൃപ്തിയും നിറഞ്ഞ തിരുവോണാശംസകൾ.

(തുടരും)

# താന്ത്രികവൈഷ്ണവദർശനം

ഡോ. ദാമോദർ നാരായണൻ സി.എൻ.

(കഴിഞ്ഞ ലക്കം തുടർച്ച)

## ക്രിയാചര്യാപാദങ്ങൾ

സംഹിതകളിലെ സിംഹഭാഗവും ക്രിയാചര്യാപാദങ്ങളുടെ വിവരണമാണ്. ഇവ പ്രധാനമായും ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ടതാണ്. ക്ഷേത്രം പണിയാനുള്ള ഭൂപരീക്ഷ, ബിംബനിർമ്മാണം, ക്ഷേത്രവാസ്തു, പ്രതിഷ്ഠാക്രിയകൾ, ക്ഷേത്രത്തിലെ നിത്യനൈമിത്തികകാമ്യപ്രായശ്ചിത്തങ്ങൾ, ഉത്സവം തുടങ്ങി എല്ലാ ക്രിയകളുടെയും വ്യക്തമായ വിവരങ്ങൾ ഈ വിഭാഗത്തിൽ വിശദീകരിച്ചിരിക്കുന്നു. അതിന്റെ വിസ്താരം മൂലം അത് ഇവിടെ പരാമർശിക്കുന്നില്ല.

## ജ്ഞാനപാദം

വിഷ്ണുവിന്റെ സ്വരൂപത്തെക്കുറിച്ചു പരാമർശിക്കുന്ന പാദമാണ് ജ്ഞാനപാദം. യോഗചര്യാക്രിയാപാദങ്ങൾ അടിസ്ഥാനപ്പെയുത്തിയിട്ടുള്ളത് പ്രധാനമായും ഈ വൈഷ്ണവദർശനത്തിലാണ്. ആനന്ദസംഹിതാ, വിമാനാർച്ചനാകല്പം എന്നീ ഗ്രന്ഥങ്ങളിലാണ് പ്രധാനമായും ഈ ദർശനം പറഞ്ഞിരിക്കുന്നത്. സംഹിതാഗ്രന്ഥങ്ങളിൽ ഒരു ഗ്രന്ഥത്തിൽ പറയാത്തത് വേറൊരിടത്തു നിന്നും ഗ്രഹിക്കേണ്ടതാകുന്നുവെന്നൊരു പ്രമാണം ഉണ്ട് (അനുക്തമന്യതോ ഗ്രാഹ്യം). അതിനനുസരിച്ച് ചില ഗ്രന്ഥങ്ങളിൽ കാണാത്തത് അതേ വിഭാഗത്തിലെ മറ്റു ഗ്രന്ഥങ്ങളിൽ നിന്നും അറിയേണ്ടതാണ്. എല്ലാ വൈഖാനസഗ്രന്ഥങ്ങളിലും ജ്ഞാനപാദം പരാമർശിക്കുന്നില്ല.

പ്രധാനമായും അമൂർത്തം സമൂർത്തം എന്നിങ്ങനെയാണ് വിഷ്ണുസ്വരൂപം വിഭജിക്കപ്പെട്ടിട്ടുള്ളത്. അമൂർത്തമെന്നാൽ വേദോപനിഷത്തുക്കളിൽ പറഞ്ഞിരിക്കുന്ന ബ്രഹ്മസ്വരൂപത്തോടു സമമായതു തന്നെയാണ്. പുരുഷസൂക്തത്തിൽ പരാമർശിച്ചിരിക്കുന്ന പരമപുരുഷൻ തന്നെയാണ് നാരായണമൂർത്തി. യജുർവ്വേദാന്തർഗ്ഗതമായ ശ്രീനാരായണസൂക്തത്തിൽ പറഞ്ഞപോലെ ഇക്കാണുകയും കേൾക്കുകയും ചെയ്യുന്ന ജഗത്തിലെ എല്ലാ വസ്തുക്കളുടെയും അകത്തും പുറത്തും സ്ഥിതി ചെയ്യുന്ന ചൈതന്യമാണത്. അതാണ് അമൂർത്തമായ സ്വരൂപം. ക്രിയാചര്യാപാദങ്ങളിൽ പറഞ്ഞിരിക്കുന്ന ഹോമപൂജാദികളിൽ ആരാധിക്കപ്പെടുന്ന ബിംബാഗ്നികളാണ് നാരായണന്റെ സമൂർത്തസ്വരൂപം. അമൂർത്തനായ ആ ദേവൻ സ്വേച്ഛയാൽ മത്സ്യകൂർമ്മാദിരൂപങ്ങളെടുക്കുന്നു. ആരാധിക്കുന്നവന്റെ ഹൃദയത്തിൽ തന്റെ ഇച്ഛയാൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ചരാചരാത്മകമായ ഈ ജഗത്തു

മുഴുവൻ ആ ഭഗവാന്റെ സ്വരൂപമാകുന്നു.

ഇപ്രകാരമുള്ള പരമൂർത്തിയായുള്ള നാരായണൻ പുരുഷൻ, സത്യൻ, അച്യുതൻ, അനിരുദ്ധൻ എന്നിങ്ങനെ ചതുർമ്മൂർത്തികളായിത്തീരുന്നു[1]. അതിൽ പുരുഷനെന്ന മൂർത്തി പരമാത്മാവിന്റെ എല്ലാ ഗുണങ്ങളോടും കൂടിയും സത്യൻ മുക്കാൽ ഭാഗവും, അച്യുതൻ പകുതി ഭാഗവും അനിരുദ്ധൻ കാൽ ഭാഗത്തോടു കൂടിയുള്ള ഗുണത്തോടും കൂടിയവനാകുന്നു.

1. പാഞ്ചരാത്രത്തിലെ ചതുർമ്മൂർത്തികളിൽ നിന്നും വ്യത്യസ്തമായാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.

(തുടരും)

**ഔഷധസസ്യങ്ങൾ – 41**

# മാവ്

**ഉണ്ണികൃഷ്ണൻ കിഴുത്താണി** **ഫോൺ : 0480 2832108**

അനാകാർഡിയേസി കുംടുംബത്തിൽപ്പെട്ട മാവിന്റെ ശാസ്ത്രനാമം മാംഗിഫെറ ഇൻഡിക്ക എന്നാണ്. സംസ്കൃതത്തിൽ മാകന്ദം, രസാലം തുടങ്ങിയ പേരുകളുണ്ട്. ഫലം, വിത്ത്, ഇല, പുഷ്പം ഇവയാണ് ഔഷധാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്.

മൂത്ത് പഴുത്ത് പാകമായ മാമ്പഴം പിത്തവും, വാതവും ഇല്ലായ്മ ചെയ്യുന്നു. വിത്തിനകത്തെ മജ്ജ (മാങ്ങയണ്ടിപ്പരിപ്പ്) വളരെയധികം ഗ്രാഹിയാണ്. അതിസാരം, വയറുകടി തുടങ്ങിയ രോഗങ്ങൾ ശമിപ്പിയ്ക്കുന്നു. ശരിയായ രീതിയിൽ മൂത്തുപഴുത്ത മാമ്പഴം ശരീരപുഷ്ടി ഉണ്ടാക്കുന്നു.

ഔഷധപ്രയോഗം - പ്ലേഗ്, കോളറ തുടങ്ങിയ മാരകരോഗികൾക്കനുഭവപ്പെടുന്ന വെള്ളംദാഹം ശമിയ്ക്കുന്നതിന് പച്ചമാങ്ങ ഇടിച്ച് എടുത്ത നീരിൽ പഞ്ചസാരയും, വെള്ളവും ചേർത്ത് നൽകിയാൽ മതി.

മാങ്ങയുടെ ബീജമജ്ജ, കൂവളക്കാമജ്ജ, ചുക്ക്, കുടകപ്പാല ഇവ സമമായി കഷായം വെച്ച് 25മി.ലി. വീതം ദിവസം 3 പ്രാവശ്യം സേവിച്ചാൽ എത്രശക്തിയായ അതിസാരവും ശമിയ്ക്കുമെന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മുറിവ്, വ്രണം, വ്രണത്തിൽനിന്നുള്ള രക്തസ്രാവം ഇവയ്ക്ക് മാവിന്റെ തൊലി, പൂവ്, ഇല ഇവ നന്നായിപൊടിച്ചെടുത്ത് വിതറിയാൽ ശമനംകിട്ടും.

കുട്ടികൾക്കനുഭവപ്പെടുന്ന കരൾവീക്കം, പ്ലീഹാവീക്കം തുടങ്ങിയ അസുഖങ്ങൾക്ക് നന്നായിപഴുത്ത് പാകം വന്ന മാങ്ങ ധാരാളം തിന്നുന്നത് നല്ലതാ

ണ്. ക്ഷീണം, മലബന്ധം, രക്തമില്ലായ്മ (വിളർപ്പ്) എന്നീ അവസ്ഥകൾ തരണം ചെയ്യുന്നതിനും മാമ്പഴം ഉപകരിയ്ക്കും.

ശരീരം മുഴുവനായി അനുഭവപ്പെടുന്ന വേദനയ്ക്ക് പഴുത്തമാവില ഇട്ട് തിളപ്പിച്ചാറിയ വെള്ളത്തിൽ കുളിയ്ക്കുന്നത് സത്വരഫലമുണ്ടാക്കും. പുരാതനകാലം മുതൽതന്നെ കേരളത്തിൽ മാവില ദന്തധാവനത്തിന് (പല്ലുതേയ്ക്കാൻ) ഉപയോഗിയ്ക്കാറുണ്ട്. മാവിൻതളിര്, ചുരത്തണ്ട്, കരിമ്പ്, കരിമ്പനക്കുമ്പ്, പുളിഞ്ഞരമ്പ്, ആടലോടകത്തളിര്, കിഴാർനെല്ലി, കൂവളത്തിന്റെ വേര്, വെറ്റിലഞെട്ട്, മുത്തങ്ങ, ചന്ദനം, കിരിയാത്ത, ആശാളി, ഇരട്ടിമധുരം, മലർ, ജീരകം, കൊത്തമ്പാലയരി ഇവ സമംചേർത്ത് കഷായം വെച്ച് ജീരകവും, പഞ്ചസാരയും മേമ്പൊടിചേർത്ത് സേവിച്ചാൽ വായുസംബന്ധമായ അസുഖങ്ങളെല്ലാം ശമിച്ച് ശരീരത്തിന് പ്രത്യേകിച്ച് വയറിന് എന്തെന്നില്ലാത്ത ആശ്വാസം അനുഭവപ്പെടുമെന്ന് അടിസ്ഥാനഗ്രന്ഥമായ സഹസ്രയോഗം അനുശാസിയ്ക്കുന്നു.

മാവിന്റെ പൂവ്, ത്രിഫല (കടുക്ക,നെല്ലിക്ക, താന്നിയ്ക്ക) മരുതിൻപട്ട, കുന്നിവേര് ഇവ 10 ഗ്രാം വീതം നന്നായി പൊടിച്ച് അരച്ചെടുത്ത് കറ്റാർവാഴച്ചാറ് ചേർത്ത് വെള്ളത്തിൽ കലക്കി വിധിപ്രകാരം എണ്ണചേർത്ത് കാച്ചി തലയിൽ പതിവായി തേച്ചുകുളിച്ചാൽ മുടിയ്ക്ക് നല്ലകറുപ്പ് നിറം കൈവരും. മുടികൊഴിച്ചിൽ ഇല്ലാതാവുകയും ചെയ്യും. ഇതാണ് പ്രസിദ്ധമായ മാന്തൈലം

# സ്തോത്രോപാസന

**ഇഷ്ടദേവതാ സ്തോത്രങ്ങളിലൂടെ പരമപദപ്രാപ്തിക്കായുള്ള ലളിതമായ ഉപാസനാ മാർഗ്ഗം**

(shripuram YouTube channel ലിലുള്ള സ്തോത്രോപാസന എന്ന വീഡിയോയിൽനിന്നും പകർത്തിയത്)

ഉപാസനാമാർഗ്ഗങ്ങളുടേയെല്ലാം ലക്ഷ്യം ഉപാസ്യദേവത ആയിത്തീരുകയും ആ ദേവത താൻതന്നെയാണെന്ന് തിരിച്ചറിയലുമാണ്. ഇതിനായി ഓരോ ആളുടേയും പ്രകൃതവും ബൌദ്ധികനിലവാരവുമനുസരിച്ച് പലതരം മാർഗ്ഗങ്ങൾ നമ്മുടെ ഋഷീശ്വരന്മാർ പണ്ടുതന്നെ പറഞ്ഞുവച്ചിട്ടുണ്ട്. അവയിൽ ഒന്നുമാത്രമാണ് മന്ത്രോപാസന. യോഗ്യനായ ഒരു ഗുരുവിനെ കണ്ടെത്തുക, ഉപദേശം സ്വീകരിക്കുക, നിയമങ്ങൾ അതേപടി പാലിച്ച് ദേവതയെ ഉപാസിക്കുക തുടങ്ങി ഉപാസനയിലുണ്ടാവാൻ സാദ്ധ്യതയുള്ള ബുദ്ധിമുട്ടുകളെ നേരിടുക വരെയുള്ള കാര്യങ്ങൾ മന്ത്രോപാസനയുടെ അവി

ഭാജ്യ ഘടകമാണ്. അതായത് മന്ത്രോപാസന സുഗമമായ പന്ഥാവല്ലെന്നർത്ഥം. മാത്രവുമല്ല ചെറിയ താളപ്പിഴകൾക്ക് പോലും വലിയ നാശോന്മുഖമായ പ്രത്യാഘാതങ്ങളുണ്ടായേക്കാം. ഇതിനെയെല്ലാം തരണം ചെയ്യാൻ പാകമായാൽ മാത്രമേ ഉപാസനകൊണ്ട് ഉദ്ദേശിച്ച ഫലമുണ്ടാകൂ. എന്നാൽ ഇത്തരം ബുദ്ധിമുട്ടുകളൊന്നുമില്ലാത്തതും സുഗമവും സുഖപ്രദവുമായ മറ്റൊരു മാർഗ്ഗമാണ് സ്തോത്രോപാസന. ഇതിൽ ചില രഹസ്യസ്തോത്രങ്ങൾ പാരായണം ചെയ്യാൻ മാത്രമേ ഗുരൂപദേശം ആവശ്യമുള്ളൂ. അല്ലാത്തവയെല്ലാം തന്നെ ആർക്കും പാരായണം ചെയ്യാവുന്നതും ദേവതാപ്രാപ്തിയെന്ന ഫലത്തെ തരുന്നതുമാണ്. എന്നാൽ ഈ മാർഗ്ഗത്തിന് അത്രയൊന്നും പ്രാധാന്യം ഇന്ന് പലരും കൊടുത്തുകാണുന്നില്ല. അതിന് കാരണം മന്ത്രോപാസന മാത്രമാണ് ഏകമാർഗ്ഗമെന്ന തെറ്റിദ്ധാരണയാണ്.

താഴെപ്പറയാൻ പോകുന്ന മന്ത്രോപാസനയ്ക്കും ഏറെ പഴക്കമുള്ളതായിക്കാണാം. ഇതിന്റെ ചില പ്രധാനഘടകങ്ങൾ ഏതൊക്കെയെന്നും അവ എങ്ങനെ അനുഷ്ഠിക്കാമെന്നും നമുക്ക് നോക്കാം.

ഈയൊരു ഉപാസനാ മാർഗ്ഗത്തിന് സ്തുതി, സ്മൃതി, ധ്യാനം, ദർശനം, സ്പർശനം, പ്രാപ്തി എന്നീ ആറു ഘടകങ്ങളാണ് ഉള്ളത്. ഈ ഉപാസനനാപന്ഥാവിനെക്കുറിച്ചുള്ള ഒരു സൂചന ശിവദൃഷ്ടി എഴുതിയ സോമാനന്ദനാഥരുടേയും, ശിവസൂത്രങ്ങളെഴുതിയ വസുഗുപ്തരുടേയുമൊക്കെ ഏതാണ്ട് സമകാലീനനെന്നുകരുതപ്പെടുന്ന ഭട്ടനാരായണനാൽ രചിക്കപ്പെട്ട ശിവസ്തുതിയായ സ്തവചിന്താമണി എന്ന ഗ്രന്ഥത്തിലെ മുപ്പത്തിയാറാമത്തെ ശ്ലോകത്തിൽപറയപ്പെടുന്നുണ്ട്

**നമഃ സ്തുതൌ സ്മൃതൌ ധ്യാനേ ദർശനേ സ്പർശനേ തഥാ**
**പ്രാപ്തൌ ച ആനന്ദവൃന്ദായ ദയിതായ കപർദ്ദിനേ**

ആനന്ദക്കൂട്ടം സ്വരൂപമായിട്ടുള്ള പരമവല്ലഭനായ അതായത് ഏറ്റവും പ്രിയപ്പെട്ടവനായിട്ടുള്ള ശിവനെ നമസ്കരിക്കുന്നതാണ് ഈ ശ്ലോകം. എങ്ങനെയൊക്കെയുണ്ടാവുന്ന ആനന്ദം? അവിടെയാണ് ഈ സ്തോത്രോപാസനയെപ്പറ്റി പരാമർശിക്കുന്നത്. സ്തുതി, സ്മൃതി, ധ്യാനം, ദർശനം, സ്പർശനം, പ്രാപ്തി എന്നീ ആറ് തലങ്ങളിൽ ഉണ്ടാകുന്ന ആനന്ദങ്ങളുടെ കൂട്ടം ആതായത് ഇവയിൽ ഓരോന്നിൽനിന്നും ഉണ്ടാവുന്ന പൂർണ്ണമായ ആനന്ദങ്ങളുടെ കൂട്ടം സ്വരൂപമായിട്ടുള്ള ഏറ്റവും പ്രിയപ്പെട്ടവനായ ശിവനു നമസ്കാരം. ഇനി ഈ പറയുന്ന ഓരോന്നും എന്തെല്ലാമാണെന്നും ഏങ്ങനെയാണ് ഉപാസിക്കേണ്ടതെന്നും നോക്കാം.

**സ്തുതി** - ഓരോരുത്തർക്കും അവരവർക്കു ഇഷ്ടമുള്ള ഒരു ഈശ്വരന്റെ അതായത് തന്റെ ഇഷ്ടദേവതയുടെ നമുക്ക് ഇഷ്ടപ്പെട്ട ഒരു സ്തുതി തിരഞ്ഞെടു

ക്കുക. സഹസ്രനാമമോ അഷ്ടോത്തരങ്ങളോ നാമ സ്തുതികളൊ അങ്ങനെ ഏതു സ്തോത്രങ്ങൾ വേണമെങ്കിലും ഇതിനായി ഉപയോഗിക്കാം. അത് അവരവരുടെ ഈണത്തിലും താളത്തിലും അനായാസേന ചൊല്ലുവാൻ സാധിക്കുന്നതുവരെ നിരന്തരം അഭ്യസിയ്ക്കുക. നമ്മുടെ ഇഷ്ടദേവതയുടെ നമുക്ക് ഇഷ്ടപ്പെട്ട ഒരു സ്തോത്രം കുറച്ചുകാലം നിത്യവും ജപിയ്ക്കുക അതാണ് ആദ്യത്തെതലമായ സ്തുതി എന്നതിലൂടെ അർത്ഥമാക്കുന്നത്.

**സ്മൃതി** - നമ്മൾ നിത്യവും ജപിയ്ക്കുന്ന സ്തോത്രത്തിന്റെ അർത്ഥം പതുക്കെ പതുക്കെ പൂർണ്ണമായും മനസ്സിലാക്കാൻ ശ്രമിയ്ക്കുക. അങ്ങനെ മനസ്സിലാക്കുന്ന അർത്ഥങ്ങളെക്കുറിച്ച് ചിന്തിക്കുക. ഓർമ്മകൾ നമ്മുടെ മനസ്സിലേയ്ക്കു തികട്ടിവരുന്നതുപോലെ ഈ സ്തോത്രാർത്ഥങ്ങളും നമ്മുടെ ഓരോ ജീവിതസാഹചര്യങ്ങളിലും കടന്നുവരുവാനുള്ള ഇടം കൊടുത്തുകൊണ്ട് അത് പ്രയോഗിയ്ക്കാൻ കുറച്ചുകാലം പരിശീലിയ്ക്കുക അതാണ് സ്മൃതി.

**ധ്യാനം** - ജീവിതയാത്രയിൽ പ്രയോഗിച്ച് നാം സ്വായത്തമാക്കിയ ആ അർത്ഥതലങ്ങളിൽ മനസ്സ് പൂർണ്ണമായും ഉറയ്ക്കുന്നതാണ് ധ്യാനം. നമ്മൾ ഏതിനേക്കുറിച്ചാണൊ നിരന്തരം ചിന്തിയ്ക്കുന്നത് ക്രമേണ നമ്മുടെ എല്ലാ ഇന്ദ്രിയങ്ങളേയും സ്വാഭാവികമായിത്തന്നെ ആ ഒന്നിലേയ്ക്കു കേന്ദ്രീകൃതമാക്കി ആ ഒന്നിൽതന്നെ നിലനിർത്തുന്നതാണ് ധ്യാനം.

**ദർശനം** - ഏതൊരു ദേവതയുടെ അർത്ഥതലങ്ങളേയാണൊ നാം ചിന്തിച്ച് ധ്യാനവിഷയമാക്കി നിരന്തരം ഉറപ്പിച്ചിട്ടുള്ളത് ആ അർത്ഥതലങ്ങളെ നമുക്ക് പ്രചോദിതമായ ബുദ്ധിയാൽ അകക്കണ്ണിൽ കാണാൻ സാധിയ്ക്കും. ദേവതാദർശനം സാക്ഷാത്ക്കരിയ്ക്കും. ദേവതാദർശനം എന്നതുകൊണ്ട് ദേവതയുടെ രൂപം കാണുക എന്നല്ല ആ തത്ത്വത്തെ വ്യക്തമായി അറിയാൻ സാധിയ്ക്കുക. അതാണ് ദർശനം.

**സ്പർശനം** - ഇപ്രകാരം സാക്ഷാത്ക്കരിയ്ക്കപ്പെട്ട അറിവിന്റെ ദർശനം സാധിച്ചുകഴിഞ്ഞാൽ ആ അറിവിന്റെ നിറവിവിൽ നിലകൊള്ളുക തദ്വിശ്രാന്തി. അതാണ് സ്പർശനം. നമ്മൾക്കു സ്വായത്തമായ അറിവിനെ ദൃഢീകരിയ്ക്കൽ അതായത് നമ്മൾ അറിഞ്ഞ അറിവിൽ നിലനിന്നുകൊണ്ട് ഈശ്വരനുമായുള്ള ബന്ധം ദൃഢമാക്കുന്നതാണ് സ്പർശനം

**പ്രാപ്തി** - ആ ഈശ്വരനുമായി ഒന്നായിത്തീരുന്നത്, തദൈകാത്മ്യലാഭം പ്രാപ്തി. ഒന്നായിത്തീരുക എന്നതിലൂടെ ദ്വൈതഭാവത്തിൽ നിന്നും അഭേദഭാവത്തിലേയ്ക്ക് നാം എത്തുന്നു.

ഇവയാണ് സ്രോത്രോപാസനയുടെ ആറ് ഘടകങ്ങൾ. ഇതിലോരോന്നിലൂടെയും നാം അനുഭവിയ്ക്കുന്നത് ആനന്ദമാണ്. കാരണം നമ്മൾ നമുക്ക് ഇഷ്ടമുള്ള ഒരു ഈശ്വരനെ നമുക്ക് ഇഷ്ടപ്പെട്ട ഒരു സ്തോത്രത്തിലൂടെയാണ്

ഉപാസിയ്ക്കുന്നത്. ഇഷ്ടമുള്ളത് ചെയ്യുമ്പോൾ നമ്മളിൽ ഉണ്ടാകുന്നത് ആനന്ദമാണ്.

ശിവസ്തോത്രാവലീ വ്യാഖ്യാനത്തിൽ ക്ഷേമരാജൻ പറയുന്നു ലൌകികോപി ദയിതഃ സ്തുത്യാദിഷു പ്രാപ്തിപര്യന്തേഷു ക്രമേണ അധികാധികം സുഖയതി. ലൌകികമായ കാര്യങ്ങളിലും ഇതുപോലെതന്നെയാണ് സംഭവിയ്ക്കുന്നത്. ഉദാഹരണത്തിന് കാമുകീകാമുകന്മാരുടെ കാര്യത്തിൽ നോക്കിയാൽ അവർ പരസ്പരം അവരുടെ ഗുണഗണങ്ങളെ പറ്റി വാഴ്ത്തിപ്പറയും. അതിൽ ഒരു സന്തോഷം ഉണ്ടാകും. അത് സ്തുതി, പിന്നെ കാണാതിരിക്കുന്ന സമയത്ത് അതിങ്ങനെ ഇടയ്ക്കിടയ്ക്ക് ഓർക്കും. അപ്പോഴും ഒരു സന്തോഷം ഉണ്ടാകും. അങ്ങനെ സ്മൃതി, അതിൽ നിരന്തം മനസ്സ് നിലനിൽക്കുക അത് ധ്യാനം. പിന്നീട് പരസ്പരം കാണുക അത് ദർശനം. കാണുമ്പോൾ ആലിംഗനാദികൾ ചെയ്യുക സ്പശനം. പിന്നീട് അവർ ഒന്നായിത്തീരുന്നു. ലൌകിക കാര്യങ്ങളിൽ ആകുമ്പോൾ സ്തുതിയേക്കാൾ ആനന്ദം സ്മൃതിയ്ക്ക്, സ്മൃതിയേക്കാൾ ആനന്ദം ധ്യാനത്തിന്, ധ്യാനത്തേക്കാൾ ആനന്ദം ദർശനത്തിന്, ദർശനത്തേക്കാൾ ആനന്ദം സ്പർശനത്തിന്, സ്പർശനത്തേക്കാൾ ആനന്ദം പ്രാപ്തിയ്ക്ക് എന്നാണെങ്കിൽ ഈ ഉപാസനയിൽ ഈശ്വരനെ സംബന്ധിച്ചിടത്തോളം പരമമായതിന് അത് ബാധകമല്ല. കാരണം പരമമായതിന് ഏറ്റകുറച്ചിലുകൾ ഇല്ല. അതുകൊണ്ട് ഇതിലോരോന്നിലും ഉണ്ടാകുന്ന ആനന്ദം പൂർണ്ണമായതുതന്നെയാണ്. എളുപ്പം ആർക്കും ചെയ്യാവുന്ന ഒരു സാധനമാർഗ്ഗമാണ് ഇത്. ഇതിനായി നമ്മൾ ആകെ ചെയ്യേണ്ടത് നമ്മുടെ സമ്പുഷ്ടമായ സ്തോത്രസാഹിത്യത്തിൽനിന്ന് താളാത്മകമായ ഭാവനോദ്ദീപകമായ നമ്മുടെ ഇഷ്ടദേവതയെക്കുറിച്ചുള്ള നമുക്കിഷ്ടമായ ഒരു സ്തോത്രം കണ്ടെത്തുക. എന്നിട്ട് ഈ പറഞ്ഞ രീതിയിൽ അനുഷ്ഠിയ്ക്കുക.

ഇതിൽ പറഞ്ഞിരിയ്ക്കുന്നതുപോലെ സ്തുതി, സ്മൃതി, ധ്യാനം എന്നിവ കുറച്ചുകാലം നാം നിരന്തരം ചെയ്തുകൊണ്ടിരിയ്ക്കുമ്പോൾ ദർശന, സ്പർശന, പ്രാപ്തി ഇവകൾ താനേ സംഭവിക്കുന്നതാണ്. ഇതിന് പ്രത്യേകിച്ച് ആരുടേയും ഉപദേശങ്ങൾ ആവശ്യമില്ല. മറ്റു ക്ലിഷ്ടകരമായ നിയമങ്ങളും ആചാര അനുഷ്ഠാനങ്ങളും ഒന്നും തന്നെയില്ല. എല്ലാവർക്കും അവരവരുടെ സ്വബുദ്ധികൊണ്ട് ഒരു സ്തോത്രം തിരഞ്ഞെടുക്കാം, മുന്നോട്ടുപോകാം. ഒരോരുത്തർക്കും പരസഹായം കൂടാതെ അവനവന്റെയുള്ളിലെ ഈശ്വരചൈതന്യത്തെമാത്രം ആശ്രയിച്ചുകൊണ്ട് പരമപദത്തിലേക്ക് എത്തിച്ചേരാൻ സാധിയ്ക്കും. പ്രത്യേകിച്ച് ഇന്നത്തെ ഈ കാലത്ത് കപടഗുരുക്കന്മാരുടെ മോഹവലയങ്ങളിൽ ചെന്നുവീഴാതെ നമുക്ക് സ്വയം പരമമായ പദപ്രാപ്തിയിലേക്കെത്താൻ നമ്മളെ സഹായിക്കുന്ന ഒരു ഉപാസനാമാർഗ്ഗമാണ് സ്തോത്രോപാസന എന്നത്.


SHRIPURAM
सा शाम्भवी स्फुरतु

RNI Registration Number – KERMAL/2012/56910

# SHRIPURAM REVAMPED WEBSITE IS LIVE

- Printed Publication
- E-Books
- Shaambhavi
- Articles
- Lecture series
- Academic Papers
- Poojas & Rituals
- Stotras & Slokas







Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda,Thrissur, Kerala,680712.
Editor: D.Prakash

*Scan the QR code for free download*